# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുമ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P7/1156/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 08/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P7/1156/21 തീയ്യതി: 08/07/2022

## കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2019 മുതൽ 30-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി എം. ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 12-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശശിജോഷ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധു റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനു കെ നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സുബി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ നാസറുദ്ദീൻ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ ഹാരീസ് മുഹമ്മദ് കോയ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രജനി.കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| യേശുദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഷാജി റഹ്മാൻ | വെറ്ററിനറിസർജൻ | 01-04-2020 | 31-03-2021 |
| ഡോ.സുനിത ശിവദാസൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 13-02-2021 |
| ഡോ.അനീഷ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി). | 14-02-2021 | 26-02-2021 |
| ഡോ.നെബു ജോൺ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി). | 27-02-2021 | 31-03-2021 |
| ഡോ.ഡിൻഷ മുരളി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 19-01-2021 |
| ഡോ.ശ്രീരേഖ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-01-2021 | 31-03-2021 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 01-04-2020 | 31-03-2021 |
| ഷംന റഷീദ് | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ശശികല | എച്ച്.എം | 01-04-2020 | 31-03-2021 |
| സാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-06-2020 |
| നൌഫിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-06-2020 | 31-03-2021 |
| ശാലിനി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഷിയാസ് അഹമ്മദ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| അജി.വി | വി.ഇ.ഒ | 10-12-2020 | 31-03-2021 |
| ഷീല | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 20-11-2020 |
| ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-11-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.Sasijosh (Audit Officer, On 28-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക.<br>Written By: T.Sindhu (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ.<br>Written By: T.Sindhu (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം.<br>Written By: T.Sindhu (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: A.Sasijosh (Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-4 |
| 6 | ലഭ്യമായ ഗ്രാന്റുകളിൽ 2,49,78,773/-രൂപ ലാപ്സായി<br>Written By: A.Sasijosh (Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-4.1 |
| 7 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: A.Sasijosh (Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-4.2 |
| 8 | പദ്ധതി അവലോകനം<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manu K Nair (Asst. Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-6 |
| 10 | ക്ഷേമ പെൻഷൻ<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-7 |
| 11 | സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റി -10,21,720/- രൂപ തിരികെ പിടിക്കണം<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 1-7.1 |
| 12 | മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു -1,20,600/- രൂപ തിരിച്ച് പിടിക്കണം<br>Written By: Subi S (Senior Grade Auditor, On 02-08-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-7.2 |
| 13 | മരണപ്പെട്ട പെൻഷണർക്ക് പെൻഷൻ വിതരണം ചെയ്തതായി സേവനയിൽ രേഖപ്പെടുത്തൽ - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ അടച്ചു.<br>Written By: Subi S (Senior Grade Auditor, On 12-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-7.3 |
| 14 | ക്യാഷ് പരിശോധന<br>Written By: Subi S (Senior Grade Auditor, On 11-08-2021) | 1-8 |

| | | |
|---|---|---|
| | Last Updated By: Santhosh N (Computer Assistant, On 05-07-2022) | |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: A.Sasijosh (Audit Officer, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Subi S (Senior Grade Auditor, On 31-07-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-10 |
| 17 | തൊഴിൽ നികുതി അടവാക്കുന്നില്ല.<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-11 |
| 18 | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല - 22,500/-രൂപ നഷ്ടം<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-12 |
| 19 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾക്കായുള്ള അലോട്ട്മെന്റ് - കൃത്യമായ നിരീക്ഷണമില്ല.<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-13 |
| 20 | കുടുംബശ്രീ SHG കൾക്ക് വർക്ക് ഷെഡ് - നിർമ്മിച്ച് നൽകിയത് അംഗമല്ലാത്ത വ്യക്തിക്ക്<br>Written By: A.Sasijosh (Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-14 |
| 21 | സർക്കാർ നിർദ്ദേശമില്ലാതെ നീതി മെഡിക്കൽ സ്റ്റോറിന് വാടക രഹിതമായി മുറി അനുവദിച്ചു<br>Written By: Subi S (Senior Grade Auditor, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-15 |
| 22 | അനുപൂരക പോഷകാഹാരം - തുക ഒടുക്കിയെങ്കിലും സപ്ലൈകോയിൽ നിന്നും ശർക്കര ലഭിച്ചില്ല.<br>Written By: A.Sasijosh (Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-16 |
| 23 | ബാലസഭ ബാലപഞ്ചായത്ത് ശക്തിപ്പെടുത്തൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-17 |
| 24 | തുടർ വിദ്യാഭ്യാസ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-18 |
| 25 | നെടുമ്പന സർക്കാർ ഹോമിയോ ആശുപത്രിക്ക് വേണ്ടിയുള്ള മരുന്ന് പർണ്ണമായും ലഭിച്ചില്ല<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 05-07-2022) | 1-19 |
| 26 | ജൈവ സംസ്കരണ ഭരണി - ഗുണഭോക്തൃ വിഹിതം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-20 |
| 27 | കന്നുകുട്ടി പരിപാലന പദ്ധതി - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-21 |
| 28 | നൂതനപ്രോജക്ടിലൂടെ പ്രയോജനക്ഷമമല്ലാത്ത പ്രവർത്തനങ്ങൾ-ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച കാലാവസ്ഥാനിരീക്ഷണ സംവിധാനത്തിൽ നിന്നും യാതൊരു വിവരങ്ങളും ലഭിച്ചില്ല.<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-22 |

| | | |
|---|---|---|
| 29 | മരാമത്ത് പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-23 |
| 30 | ഇടം പദ്ധതി കായിക ഗ്രാമം - മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ സ്പോർട്സ് യൂണിഫോം വാങ്ങി വിതരണം ചെയ്തു.<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-24 |
| 31 | നിർമ്മാണ പ്രവൃത്തികൾക്ക് ഡിസ്പ്ലേ ബോർഡുകൾ - മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 1-25 |
| | ഭാഗം **2** | |
| 1 | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല - 22,500/- രൂപ നഷ്ടം<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 2-1 |
| | ഭാഗം **3** | |
| 1 | അനുപൂരക പോഷകാഹാരം - തുക ഒടുക്കിയെങ്കിലും സപ്ലൈകോയിൽ നിന്നും ശർക്കര ലഭിച്ചില്ല - 3,027/-രൂപ നഷ്ടം<br>Written By: Manu K Nair (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 3-1 |
| 2 | ബാലസഭ നടത്തിപ്പ് - സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>Written By: T.Sindhu (Asst. Audit Officer, On 08-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 3-2 |
| 3 | നൂതനപ്രോജക്ടിലൂടെ പ്രയോജനക്ഷമമല്ലാത്ത പ്രവർത്തനങ്ങൾ-ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച കാലാവസ്ഥാനിരീക്ഷണ സംവിധാനത്തിൽ നിന്നും യാതൊരു വിവരങ്ങളും ലഭിച്ചില്ല.<br>Written By: A.Sasijosh (Audit Officer, On 10-08-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: T.Sindhu (Asst. Audit Officer, On 25-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| | Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: T.Sindhu (Asst. Audit Officer, On 25-07-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.Sindhu (Asst. Audit Officer, On 01-08-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 08-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.Sindhu (Asst. Audit Officer, On 25-07-2021)<br>Last Updated By: Santhosh N (Computer Assistant, On 06-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

21-03-20 തീയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17-02-21 തീയതിയിലെ I(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 05-07-2021 | - | - |

### 1-2.1 വാർഷിക കണക്കുകളിലെ അപാകതകൾ.

1. 2020-21 സാമ്പത്തിക വർഷം ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ( പദ്ധതി നം. 221/22) 13,60,000/- രൂപയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

2. ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (പദ്ധതി നം.237/21) 30,000/- രൂപയുടെ തനത് ഫണ്ട് ചെലവ് തുക (ചെക്ക് നം. 569287/27.11.20) സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

3. Contractors Retention, Rent Deposit എന്നീയിനങ്ങളുടെ നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കിലുൾപ്പെടുന്നതും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4. ലേലം അഡ്വാൻസ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 13,100/-രൂപയും, 6,370/-രൂപയും ഉണ്ടെങ്കിലും പഞ്ചായത്തിലെ രേഖകളിൽ ടി തുകകൾ ഉൾപ്പെട്ട് കാണുന്നില്ല.

5. വസ്തുനികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ വരവ് ബാലൻസ് തുകകൾ രജിസ്റ്ററും വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. ഹഡ്കോ ലോണിന്റെ ചെലവ് വിശദാംശങ്ങൾ RP - 45 ൽ ഉൾപ്പെട്ടിട്ടില്ല.
7. തൊഴിൽ രഹിത വേതനം വരവ്/ ചെലവ് തുക RP 7 ൽ ഉൾപ്പെട്ടിട്ടില്ല.

8. B-18 -Deposits, Loan, Advances എന്ന ഹെഡിൽ ഉൾപ്പെട്ടിട്ടുള്ള

Deposit With Kerala Water Authority-25,43,457/- രൂപ.

Deposit With PWD-4,84,538/- രൂപ.

തുക ഒടുക്കു വരുത്തിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിലും തുടർ വർഷത്തിലും ടി തുക ഡെപ്പോസിറ്റ് ആയി തന്നെ നിലനിൽക്കുന്നു.

9. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് തുക വാർഷിക കണക്ക് പ്രകാരം ഉള്ളത് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വരവ് തുക-16,80,150/-രൂപ.

രജിസ്റ്റർ പ്രകാരമുള്ള വരവ് തുക-11,82,000/-രൂപ.

10. സ്റ്റോക്കിന്റെ മൂല്യം Value Based ആക്കി Balance Sheet ൽ ഉൾപ്പെടുത്തിയിട്ടില്ല.

11. ലൈഫ് പദ്ധതി സംസ്ഥാന വിഹിതം വരവ് തുക RP 31 ൽ ഉൾപ്പെട്ടിട്ടില്ല. RP 32 Loan ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

12. ബാലൻസ് ഷീറ്റ് B12 Investment-General Fund 3,000/-രൂപയുടെ ആധികാരികത

ബോധ്യപ്പെട്ടിട്ടില്ല.

13. ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ബാലൻസ് തുക ബാലൻസ് ഷീറ്റ് പ്രകാരം 12,44,365/- രൂപയാണെന്നിരിക്കെ ട്രഷറി ജോയിന്റ് വെഞ്ചർ നീക്കിയിരിപ്പ് തുക 10,00,000/-രൂപയാണ്.

14. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 4,37,97,358/-രൂപ |
| വരവ് | 16,29,23,618/-രൂപ |
| ആകെ | 20,67,20,976/-രൂപ |
| ചെലവ് | 17,11,95,203/-രൂപ |
| നീക്കിയിരിപ്പ് | 3,55,25,773/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 22,500/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,58,763/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,33,148/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,85,75,000/- | 2,85,75,000/- | 2,74,42,900/- | 10,82,100/- | 2,29,839/-രൂപ ക്യൂബിൽ |
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,60,61,625/- | 1,60,61,625/- | 1,49,98,185/- | 10,63,440/- | 3,68,042/-രൂപ ക്യൂബിൽ |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 1,11,40,000/- | 1,11,40,000/- | 8,05,000/- | 1,03,35,000/- | 3,44,313/-രൂപ ക്യൂബിൽ |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 2,35,21,691/- | 2,35,21,691/- | 1,66,33,143/- | 68,88,548/- | - |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 97,41,000/- | 97,41,000/- | 71,82,200/- | 25,58,800/- | - |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 77,69,613/- | 77,69,613/- | 47,18,728/- | 30,50,885/- | - |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ്. | | | | | | |
| സമ്പൂർണ്ണശുചിത്വം | 1,34,739/- | 0 | 1,34,739/- | 0 | 1,34,739/- | - |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 20,000/- | 1,32,60,000/- | 1,32,80,000/- | 91,68,000/- | 41,12,000/- | - |

| | | | | | | |
|---|---|---|---|---|---|---|
| EPIDEMIC CONTROL FUND | 0 | 2,45,801/- | 2,45,801/- | 2,45,801/- | 0 | - |
| കുടുംബശ്രീ – ചലഞ്ച്ഫണ്ട് | 0 | 11,74,873/- | 0 | 0 | 11,74,873/- | - |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ്. | | | | | | |
| ICDS | 35,26,216/- | 21,14,959/- | 56,41,175/- | 23,50,000/- | 32,91,175/- | - |
| MNREGS | 1,062/- | 16,80,150/- | 16,81,212/- | 16,79,515/- | 1,697/- | - |
| ശുചിത്വമിഷൻ | 8,31,724/- | 52,21,375/- | 60,53,099/- | 15,46,606/- | 45,06,493/- | - |
| സാക്ഷരത | 56,600/- | 0 | 56,600/- | 0 | 56,600/- | - |
| TSC | 2,34,526/- | 10,050/- | 2,44,576/- | 0 | 2,44,576/- | - |

1-4.1 ലഭ്യമായ ഗ്രാന്റുകളിൽ 2,49,78,773/-രൂപ ലാപ്സായി

| ഗ്രാന്റ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (₹) |
|---|---|
| വികസനഫണ്ട് (ജനറൽ) | 10,82,100/- |
| വികസന ഫണ്ട് (എസ്.സി.പി) | 10,63,440/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied) | 1,03,35,000/- |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Untied) | 68,88,548/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 25,58,800/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 30,50,885/- |
| ആകെ | 2,49,78,773/- |

1-4.2 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം മുള്ള കണക്കുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാ-ക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാ-ക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 38,18,72,695/- | 195 | 14,36,45,655/- | - | 16 | 92% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,062/- | 16,80,150/- | 16,81,212/- | 16,79,515/- | 1,697/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 5,11,94,874/- | 5,11,94,874/- | 5,11,94,874/- | - |

### 1-7 ക്ഷേമ പെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,36,600/- | 313 |
| കർഷകതൊഴിലാളി പെൻഷൻ | 67,41,800/- | 468 |
| വിധവാ പെൻഷൻ | 3,34,56,100/- | 2564 |
| വാർദ്ധക്യകാല പെൻഷൻ | 4,00,18,600/- | 3248 |
| വികലാംഗ പെൻഷൻ | 1,29,54,800/- | 872 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,88,200/- | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 7,20,000/- | 24 |

### 1-7.1 സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റി -10,21,720/- രൂപ തിരികെ പിടിക്കണം

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു: സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ, 8-2-2021-ലെ 14/21/ധന സർക്കുലറുകൾ പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ സമഗ്രമായും വിശദമായും പരിശോധിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ലഭ്യമാക്കിയ രേഖകൾ പ്രകാരം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | പി.പി.ഒ. നമ്പർ | പെൻഷൻ ഐ.ഡി. | അനർഹമായി കൈപ്പറ്റിയ തുക (₹) |
|---|---|---|---|---|
| 1 | അപ്പുക്കുട്ടൻ പിള്ള ബിന്ദു ഭവനം, നെടുമ്പന | 703050400003198 | 103640202455 | 3,00,000/- |
| 2 | ലീലാമ്മ, കല്ലുവിള പുത്തൻവീട് വെളിച്ചിക്കാല | 703040400002477 | 103640602062 | 51,900/- |
| 3 | സുലോചന, നീതു ഭവനം പഴങ്ങാലം | 111181024 | 103640602341 | 52,000/- |
| 4 | സോമവല്ലി, അമ്പനാട്ട് വിള വീട് പള്ളിമൺ | 11917 | 103540602676 | 51,200/- |

| | | | | |
|---|---|---|---|---|
| 5 | ലിസി സജിമോൻ, സജി മന്ദിരം നല്ലില | 31000011706 | 103640601993 | 38,800/- |
| 6 | ഗൗരിക്കുട്ടി, നവോദയ വിലാസം പള്ളിമൺ ഈസ്റ്റ് | 23070803 | 103640400358 | 34,500/- |
| 7 | ലത്തീഫ, ജാസ്മിൻ മൻസിൽ വെളിച്ചിക്കാല | 703040400002350 | 103640601142 | 88,300/- |
| 8 | എസ്. മുംതാസ്, തുണ്ടു പുരയിടം വെളിച്ചിക്കാല | ഗവ.ജീവനം PEN686379 | 103640400253 | 92,820/- |
| 9 | രാജേന്ദ്രൻ പിള്ള, രാജേന്ദ്ര മംഗലം നെടുമ്പന | ലഭ്യമല്ല | 103640400736 | 52,500/- |
| 10 | സരള, രേവതി വിലാസം കാട്ടൂർ | ലഭ്യമല്ല | 103640602857 | 45,600/- |
| 11 | രാധ, കാദംബരി, പുലിയില | ലഭ്യമല്ല | 103640602975 | 37,600/- |
| 12 | അമ്മിണി, പഴവൂർ കോണത്തു വീട്, നല്ലില | ലഭ്യമല്ല | 103640602872 | 60,100/- |
| 13 | ആനന്ദവല്ലിയമ്മ, നിഷാഭവൻ മുട്ടയക്കാവ് | ലഭ്യമല്ല | 103640602999 | 52,100/- |
| 14 | ഏലിക്കുട്ടി, എള്ളുവിള തെക്കതിൽ നല്ലില | ലഭ്യമല്ല | 103640603032 | 22,100/- |
| 15 | രത്നമ്മ ഇടശ്ശേരിൽ വീട്ടിൽ പഴങ്ങാലം | ലഭ്യമല്ല | 103640603147 | 24,500/- |
| 16 | എം .ഗീത, ചിഞ്ചു ഭവനം പള്ളിമൺ | ഗവ.ജീവനം | 103640600761 | 17,700/- |
| ആകെ | | | | 10,21,720/- |

മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 9/21-7-21 .

1-7.2 മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു -1,20,600/- രൂപ തിരിച്ച് പിടിക്കണം

നെടുമ്പന ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2020-21 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ, ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം |
|---|---|---|---|---|---|

| | | | | | ചെയ്ത തുക(₹) |
|---|---|---|---|---|---|
| 1 | കോമള കെ | 103640100594 | 26.9.20 | 10/20 മുതൽ 6/21- വരെ | 13,500/- |
| 2 | ബേബി | 103640202196 | 22.10.20 | 10/20 മുതൽ 6/21- വരെ | 13,500/- |
| 3 | ഹസ്സൻബീവി | 103570600419 | 20.1020 | 10/20 മുതൽ 6/21- വരെ | 12,100/- |
| 4 | അഷ്റഫ് | 103640202009 | 21.10.20 | 10/20 മുതൽ 6/21- വരെ | 12,100/- |
| 5 | യോഹന്നാൻകുട്ടി | 103640201433 | 8.11.20 | 11/20 മുതൽ 6/21- വരെ | 12,300/- |
| 6 | ഡാനിയേൽ | 103640202350 | 24.10.20 | 11/20 മുതൽ 6/21- വരെ | 4,800/- |
| 7 | ഏലിക്കുട്ടി വർഗീസ് | 103640400232 | 1.11.20 | 11/20 മുതൽ 6/21- വരെ | 10,700/- |
| 8 | പാറുക്കുട്ടി | 103640201753 | 28.11.20 | 11/20 മുതൽ 6/21- വരെ | 4,800/- |
| 9 | ചെല്ലപ്പൻ നായർ | 103640200103 | 9.11.20 | 11/20 മുതൽ 6/21- വരെ | 12,300/- |
| 10 | വർഗീസ് ചാക്കോ | 103640203964 | 28.9.20 | 10/20 മുതൽ 6/21- വരെ | 13,800/- |
| 11 | മീരാസാഹിബ് | 103640100426 | 6.12.20 | 12/20 മുതൽ 6/21- വരെ | 10,700/- |
| | | | | ആകെ | 1,20,600/- |

2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് അവസാനം അനുവദിച്ച ജൂൺ 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. ഓഡിറ്റിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ മരണം നെടുമ്പന ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കപ്പെടുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 1,20,600/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

1-7.3 മരണപ്പെട്ട പെൻഷണർക്ക് പെൻഷൻ വിതരണം ചെയ്തതായി സേവനയിൽ രേഖപ്പെടുത്തൽ - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ അടച്ചു.

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായ ശ്രീമതി സൗദാബീവി (പെൻഷൻ ഐ.ഡി. - 103640203982) എന്നയാൾ 4.12.20 ൽ മരിച്ചു പോയിട്ടുള്ളതാണ്. ടിയാരി നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക് നം. 117ൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങി കൊണ്ടിരുന്നയാളാണ്. ഈ ഗുണഭോക്താവ് മരണപ്പെട്ടതിനാൽ ഡിസംബർ 2020 മുതൽ ജനവരി 2021 വരെയുള്ള പെൻഷൻ നൽകിയിട്ടില്ല.

എന്നാൽ ഫെബ്രുവരി 2021 ലെ പെൻഷൻ 1,500/- രൂപ (ഡി.ബി.റ്റി.റഫറൻസ്.202002011) ഗുണഭോക്താവ് കൈപ്പറ്റിയതായി കാണിച്ചിരിക്കുന്നു. തുടർ മാസങ്ങളിൽ പെൻഷൻ നൽകിയിട്ടുമില്ല.

ഇത് ഒരു പണാപഹരണമായി ഓഡിറ്റ് വിലയിരുത്തുന്നതിനാൽ ഈ വിഷയത്തിൽ പഞ്ചായത്തിന്റെ വിശദീകരണം ഓഡിറ്റ് എൻക്വയറി - 27 പ്രകാരം ആരായുകയും ആയതിനുള്ള മറുപടിയിൽ കളക്ഷൻ ഏജന്റ് മരണപ്പെട്ട ഗുണഭോക്താവിന്റെ വൗച്ചറിൽ അബദ്ധവശാൽ

മറ്റൊരാളുടെ വിരലടയാളം പതിച്ചിരുന്നതിനാലാണെന്നും, അന്നേ ദിവസം വിരലടയാളം പതിച്ച ഗുണഭോക്താവിന്റെ പേരിലുള്ള വൗച്ചർ ഉപയോഗിക്കാത്ത നിലയിലായിരുന്നു എന്നും അറിയിച്ചിട്ടുണ്ട്. പിന്നീട് ഒപ്പ് രേഖപ്പെടുത്താത്ത വൗച്ചർ സംബന്ധിച്ച് ഗുണഭോക്താവിനെ ടെലഫോൺ മുഖാന്തിരം ബന്ധപ്പെട്ട് പെൻഷൻ കിട്ടിയെന്നുറപ്പാക്കി സേവനയിൽ പേയ്മെന്റ് കാണിച്ചതു മൂലമാണ് മരിച്ചയാൾക്ക് പെൻഷൻ കൊടുത്തതായി സേവനയിൽ എൻട്രി വന്നതെന്നും വിശദീകരിച്ചു. നിലവിൽ സഹകരണ ബാങ്കിൽ നിന്നും പെൻഷൻ തുക 1,500/-രൂപ സർക്കാരിലേക്ക് അടവാക്കി സേവനയിലെ വിവരങ്ങൾ തിരുത്തിയിട്ടുണ്ട് . പ്രസ്തുത വിവരങ്ങളെല്ലാം ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും പെൻഷൻ വിതരണത്തിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെയും കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധയുണ്ടാകണമെന്ന് ഈ സംഭവം വെളിവാക്കുന്നു. അനർഹരുടെ പെൻഷൻ കൃത്യസമയത്ത് സസ്പെന്റ് ചെയ്യാത്തതിനാലാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്. അനർഹരാകുന്ന ഗുണഭോക്താക്കളുടെ പേര് യഥാസമയം പട്ടികയിൽ നിന്നും നീക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16/07/2021 തീയതിയിൽ 2.30pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,965 /- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണ സംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ മികച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തിക വർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷിക പദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതല നിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാൻ ഭരണ നിർവഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ധനാഗമ വിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും മേൽനോട്ടത്തിലെയും അലംഭാവവും ധന ഇടപാടുകളുടെ രേഖകൾ പരിപാലിക്കുന്നതിലും പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലുള്ള ജാഗ്രതക്കുറവും ഗ്രാമപഞ്ചായത്തിൽ പ്രകടമാണ്.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഭരണകർത്താക്കളാൽ പ്രാവർത്തികമാക്കപ്പെടേണ്ട ചുവടെ ചേർക്കുന്ന മേഖലകളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ദുർബലമായതിനാൽ നടപടിക്രമങ്ങളിലും പദ്ധതി നിർവ്വഹണത്തിലും പിഴവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ മാസത്തേയും റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിൽ കേരള സ്റ്റോർ പർച്ചേസ് ചട്ടങ്ങളിലെയും മറ്റു സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ സാധ്യമായിട്ടില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.19 | 09/19 മുതൽ 10/19 വരെ | 04.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.05.18 മുതൽ 18.05.18വരെ | 2013-14 മുതൽ 2017-18 വരെ | 09.07.2018 |

## 1-11 തൊഴിൽ നികുതി അടവാക്കുന്നില്ല.

ഓഡിറ്റ് വർഷം ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. (സ്ഥാപനങ്ങൾ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടവയാണ്)

1. നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, നല്ലില ബ്രാഞ്ച്.
2. നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, പള്ളിമൺ ബ്രാഞ്ച്.
3. പഴങ്ങാലം സർവ്വീസ് സഹകരണ ബാങ്ക്, പഴങ്ങാലം മുക്ക് ശാഖ.
4. ക്ഷീരോത്പാദക സഹകരണ സംഘം, പഴങ്ങാലം.
5. ക്ഷീരോത്പാദക സഹകരണ സംഘം, നല്ലില.
6. ക്ഷീരോത്പാദക സഹകരണ സംഘം, പള്ളിമൺ.
7. ക്ഷീരോത്പാദക സഹകരണ സംഘം, മുട്ടക്കാവ്.
8. ക്ഷീരോത്പാദക സഹകരണ സംഘം, കുണ്ടുമൺ.
9. ക്ഷീരോത്പാദക സഹകരണ സംഘം, മലേവയൽ.

ഈ വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറി-12 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല - 22,500/-രൂപ നഷ്ടം

ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. (സ്ഥാപനങ്ങൾ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടവയാണ്)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2020-21 |
|---|---|---|
| 1 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, നല്ലില ബ്രാഞ്ച്, | 2,500/-രൂപ |
| 2 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, പള്ളിമൺ ബ്രാഞ്ച്. | 2,500/-രൂപ |
| 3 | പഴങ്ങാലം സർവ്വീസ് സഹകരണ ബാങ്ക്, പഴങ്ങാലം മുക്ക് ശാഖ. | 2,500/-രൂപ |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, പഴങ്ങാലം. | 2,500/-രൂപ |
| 5 | ക്ഷീരോത്പാദക സഹകരണ സംഘം, നല്ലില. | 2,500/-രൂപ |
| 6 | ക്ഷീരോത്പാദക സഹകരണ സംഘം, പള്ളിമൺ. | 2,500/-രൂപ |
| 7 | ക്ഷീരോത്പാദക സഹകരണ സംഘം, മുട്ടക്കാവ്. | 2,500/-രൂപ |
| 8 | ക്ഷീരോത്പാദക സഹകരണ സംഘം, കുണ്ടുമൺ. | 2,500/-രൂപ |
| 9 | ക്ഷീരോത്പാദക സഹകരണ സംഘം, മലേവയൽ. | 2,500/-രൂപ |
| | ആകെ | 22,500/- രൂപ |

സ്ഥാപന തൊഴിൽ നികുതി 2020-21 മുതൽ അടവാക്കേണ്ടതാണ്. ഈടാക്കാത്ത പക്ഷം അവസാന മൂന്ന വർഷത്തെ കുടിശ്ശിക സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ഈ വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറി-13 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾക്കായുള്ള അലോട്ട്മെന്റ് - കൃത്യമായ നിരീക്ഷണമില്ല.

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്കായി സർക്കാർ ഉത്തരവ് (എം.എസ്.) 80/17 തസ്വഭവ തീയതി 3-4-17 പ്രകാരം മുൻകൂർ അലോട്ട്മെന്റ് നൽകുന്ന രീതിയാണ് നെടുമ്പന പഞ്ചായത്തിൽ അവലംബിച്ചിട്ടുള്ളത്. എന്നാൽ അലോട്ട്മെന്റ് അനുവദിക്കുമ്പോൾ ആകെ ചെലവ് സംബന്ധിച്ച മുൻ ധാരണകളോ നിരീക്ഷണ സംവിധാനങ്ങളോ ഒന്നും പാലിച്ചിട്ടില്ലാത്തതായി കാണുന്നു. പ്രതിവർഷം 12,000/- രൂപ മാത്രം ചെലവുള്ള സ്ഥാപനങ്ങൾക്ക് 25,000/- രൂപ നൽകുന്നതായും പ്രതിവർഷം 1 ലക്ഷം ചെലവുള്ള സ്ഥാപനങ്ങൾക്ക് 20,000/- രൂപ വീതം പല ഘട്ടങ്ങളിലായി നൽകിയിരിക്കുന്നതായും കാണുന്നു. മാത്രമല്ല, ഒരു സ്ഥാപനത്തിന് ഒരു വർഷം എത്ര അലോട്ട്മെന്റ് നൽകി എന്ന വിഷയത്തിൽ പോലും കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി-1 നുള്ള മറുപടിയോടൊപ്പം ഹാജരാക്കിയ രജിസ്റ്റർ അനുസരിച്ച് പരിശോധിക്കുമ്പോൾ നല്ലില യു. പി. സ്കൂളിന് നൽകിയ തുകയായി രേഖപ്പെടുത്തിയ തുകകളുടെ കണക്കും സ്ഥാപനങ്ങൾ ഹാജരാക്കിയ വൗച്ചറുകളുടെ തുകയും പൊരുത്തപ്പെടുന്നില്ല. മാത്രമല്ല, വെറ്റിനറി ഹോസ്പിറ്റൽ പോലുള്ള സ്ഥാപനങ്ങൾ ഒരു വർഷം അനുവദിച്ച തുകയിൽ നിന്നു തന്നെ തുടർന്നുള്ള വർഷങ്ങളിലും ചെലവ് നടത്തിക്കൊണ്ടിരിക്കുന്നതായി കാണുന്നു. അഡ്വാൻസ് അലോട്ട്മെന്റ് നൽകാൻ തീരുമാനിച്ചതിനു ശേഷവും പള്ളിമൺ എൽ. പി. സ്കൂളിന് ചെലവു വൗച്ചറുകൾ നേരിട്ട് വാങ്ങി. 8-6-20 ലെ 22000109 വൗച്ചർ പ്രകാരം 12,957/- രൂപ അനുവദിച്ചതായും കാണുന്നു.

ഇത്രയേറെ പൊരുത്തക്കേടുകൾ കണ്ടതിനാൽ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കുള്ള കണ്ടിജൻസി

ചെലവുകൾക്കായി പ്രത്യേകം രജിസ്റ്റർ സ്ഥാപനം തിരിച്ചുള്ള പേജുകൾ സഹിതം സൂക്ഷിക്കേണ്ടതും അലോട്ട്മെന്റിലെ ബാലൻസ് എല്ലാ വർഷവും മാർച്ച് 31-നകം ക്രമീകരിക്കേണ്ടതുമാണെന്ന് ഓഡിറ്റ് നിർദേശിക്കുന്നു.

1-14 കുടുംബശ്രീ SHG കൾക്ക് വർക്ക് ഷെഡ് - നിർമ്മിച്ച് നൽകിയത് അംഗമല്ലാത്ത വ്യക്തിക്ക്

വാർഡ് നം. – 16
എം ബുക്ക് നം. – 20/20-21
എ എസ് നം. – 1613007004/2021 തീയതി : 10.06.20
എസ്റ്റിമേറ്റ് തുക : 2,35,047/-രൂപ
ചിലവായ തുക : 2,08,059.71 രൂപ

കുടുംബശ്രീ SHG കൾക്ക് വർക്ക് ഷെഡ് നിർമ്മിച്ച് നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീ സംരഭക യൂണിറ്റായ സഫാ ആക്ടിവിറ്റി ഗ്രൂപ്പിന്റെ ടെയിലറിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നതിന് വേണ്ടി 2,08,059.71 രൂപയ്ക്ക് ഷെഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. കൊല്ലത്തിന്റെ ഉത്തരവിൽ SHGയുടെ പേരിലുള്ള സ്വന്തം സ്ഥലത്തോ ഏതെങ്കിലും SHG അംഗത്തിന്റെ പേരിലുള്ള വസ്തുവിലോ ആയിരിക്കണം വർക്ക് ഷെഡ് നിർമ്മാണം നടത്തേണ്ടത്. എന്നാൽ ശ്രീമതി. ജമീലാബീവി, വലിയവിള വീട്ടിൽ സർവ്വേ നം. 34/10-ൽപ്പെട്ട വസ്തുവിലാണ് ഷെഡ് നിർമ്മിച്ചത്. ഉത്തരവിന് വിരുദ്ധമായി SHG അംഗമല്ലാത്ത വ്യക്തിയുടെ വസ്തുവിൽ ഷെഡ് നിർമ്മിച്ച് നൽകിയതിന്റെ വിശദീകരണം അവശ്യപ്പട്ടതിൽ ഷെഡ് നിർമ്മിച്ച സ്ഥലം എഴുതി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഉത്തരവിന് വിരുദ്ധമായി നടപ്പിലാക്കിയ പ്രവർത്തിയുടെ ഉത്തരവാദിത്വം അക്രിഡേറ്റ് എൻജിനീയർക്കാണ്. ആയതിനാൽ ഷെഡ് നിർമ്മിച്ച സ്ഥലം എഴുതി ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, അല്ലാത്തപക്ഷം ഷെഡ് നിർമ്മിച്ചതിന് വേണ്ടി ചെലവഴിച്ച 2,08,059/-രൂപ അക്രിഡേറ്റ് എൻജിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 18/26.07.21 .

1-15 സർക്കാർ നിർദ്ദേശമില്ലാതെ നീതി മെഡിക്കൽ സ്റ്റോറിന് വാടക രഹിതമായി മുറി അനുവദിച്ചു

പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 5-ാമത്തെ മുറി ഓഡിറ്റ് വർഷങ്ങളിലും മുൻ വർഷങ്ങളിലും നീതി മെഡിക്കൽ സ്റ്റോറിന് വാടക രഹിതമായി നൽകിയിരിക്കുന്നതായി കാണുന്നു. സപ്ലൈകോയുടെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകൾക്ക് അവ ആരംഭിക്കുന്ന ആദ്യ വർഷങ്ങളിൽ വാടക ഇളവ് നൽകാമെങ്കിലും മെഡിക്കൽ സ്റ്റോറിന് ആയത് ബാധകമല്ല. നീതി മെഡിക്കൽ സ്റ്റോറിന് വാടക ഇളവിന് നിലവിൽ സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ ബിസിനസ് സ്ഥാപനം എന്ന നിലയിൽ ഓഡിറ്റ് വർഷങ്ങളിലെയും തുടർവർഷങ്ങളിലെയും വാടക നിശ്ചയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 അനുപൂരക പോഷകാഹാരം - തുക ഒടുക്കിയെങ്കിലും സപ്ലൈകോയിൽ നിന്നും ശർക്കര ലഭിച്ചില്ല.

പ്രോജക്ട് നം. – 78/21.
നിർവ്വഹണ ഉദ്യോഗസ്ഥ : എെ.സി.ഡി.എസ്. സൂപ്പർവൈസർ.

വികസന ഫണ്ട് ജനറൽ : 29,76,978/-രൂപ (വകയിരുത്തൽ).

ബിൽ നം. – 5/17.6.20 : 18,27,380/-രൂപ.

ബിൽ നം. – 6/17.6.20 : 6,97,834/-രൂപ.

ബിൽ നം. – 8/24.7.20 : 2,91,592/-രൂപ.

ബിൽ നം. – 9/18.8.20 : 1,60,172/-രൂപ.

കേന്ദ്ര ഫണ്ട് : 23,50,000/-രൂപ (വകയിരുത്തൽ).

ചെക്ക് നം. – 22131/28.12.20 : 23,50,000/-രൂപ.

ബ്ലോക്ക് വിഹിതം : 50,000/-രൂപ (വകയിരുത്തൽ).

ബിൽ നം. – 22/28.1.21 : 50,000/-രൂപ.

ജില്ലാ വിഹിതം : 1,00,000/-രൂപ (വകയിരുത്തൽ).

ബിൽ നം. – 3/ 4.3.21 : 1,00,000/-രൂപ

ബിൽ നം. – 5 പ്രകാരം സിവിൽ സപ്ലൈസ് കുളപ്പാടത്തിന് 18,27,380/-രൂപ നൽകിയത് താഴെ പറയുന്ന ഇൻവോയിസുകൾക്കാണ്.

| ഇൻവോയിസുകൾ/തീയതി | തുക (₹) |
|---|---|
| 19464/15.2.20 | 8,22,732.00 |
| 19468/26.2.20 | 3,027.00 |
| 20153/30.5.20 | 10,01,621.00 |
| ആകെ | 18,27,380.00 |

19468/26-ാം നം ഇൻവോയിസിൽ 3,027.00 രൂപ നൽകിയിരിക്കുന്നത് 42 കിലോഗ്രാം ശർക്കര വിതരണം ചെയ്യുന്നതിനാണ്. മെയിൻ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 42 കിലോഗ്രാം ശർക്കര സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അംഗനവാടികളിലെ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും 26.02.20 തീയതിയിൽ ശർക്കര ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ അംഗനവാടികളിലെ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് രേഖകൾ ഹാജരാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അംഗനവാടികളിലെ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 42 കിലോഗ്രാം ശർക്കര വാങ്ങിയതിന് ചെലവഴിച്ച 3,027/- രൂപ തിരികെ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 20/26.07.21 .
നിരാകരിക്കുന്ന തുക – 3,027/-രൂപ .

1-17 ബാലസഭ ബാലപഞ്ചായത്ത് ശക്തിപ്പെടുത്തൽ - സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

ബാലസഭ നടത്തിപ്പ് പ്രവർത്തനങ്ങൾക്കായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

| നിർവഹണോ-ദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് | |
|---|---|---|
| പദ്ധതി, നം | 2019-20 | 2020-21 |

| | | |
|---|---|---|
| | ബാലസഭ ബാലപഞ്ചായത്ത് ശക്തിപ്പെടുത്തൽ (164/21)SO | ബാലസഭ ബാലപഞ്ചായത്ത് ശക്തിപ്പെടുത്തൽ (42/21) |
| അടങ്കൽ തുക | 1,00,000/-രൂപ (വികസന ഫണ്ട്) | 1,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 85,636/-രൂപ (2/5.2.21) | 87,200/-രൂപ (7/28.3.21) |

2019-20, 2020-21 വർഷങ്ങളിൽ ബാലസഭ നടത്തിപ്പ് പ്രവർത്തനങ്ങൾക്കായി യഥാക്രമം 85,636/-രൂപ, 87,200/-രൂപ വീതം 2020-21 വർഷം ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ, തീയതി 14.2.2018 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്തുതല പ്രവർത്തനത്തിന് 40,000/-രൂപയിൽ അധികരിക്കാതെയും, വാർഡുതല പ്രവർത്തനത്തിന് വാർഡ് ഒന്നിന് 1,000/-രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം ചെലവഴിച്ചിരുന്നുവെങ്കിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കേണ്ട പരമാവധി തുക 63,000/-രൂപയാണ് (40,000+23x1,000=63,000). എന്നാൽ ഇവിടെ 2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം 85,636/-, 87,200/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതിൽ അധികച്ചെലവ് നടത്തിയതിനുള്ള കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ടെങ്കിലും, നിലവിലെ ഉത്തരവിലധികമായി ചെലവഴിച്ചതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 46,836/-(85,636-63,000+87,200-63,000) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/19.07.2021 .

നിരാകരിച്ച തുക – 46,836/-രൂപ .

1-18 തുടർ വിദ്യാഭ്യാസ പദ്ധതി - പൂർത്തീകരിച്ചിട്ടില്ല.

പത്താംതരം തുല്യതാ പദ്ധതി പൂർത്തീകരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| പദ്ധതി, നം | തുടർ വിദ്യാഭ്യാസ പദ്ധതി, (43/21) |
| അടങ്കൽ തുക | 50,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 33,300/-രൂപ (9/25.3.21) |

ഹെഡ്മിസ്ട്രസ് നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പദ്ധതിയിൽ പത്താംതരം തുല്യത പരീക്ഷയ്ക്കായി 18 പഠിതാക്കൾക്ക് 1,850/-രൂപ നിരക്കിൽ ആകെ 33,300/-രൂപ സാക്ഷരതാ മിഷനിൽ 2020-21 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു

1. പഠിതാക്കൾ കോഴ്സ് അറ്റൻഡ് ചെയ്തത് സംബന്ധിച്ച് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2. തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. പത്താംതരം തുല്യതാ പഠിതാക്കളിൽ ഒരു ഗുണഭോക്താവായ ശ്രീ. വിമൽകുമാർ, ചരുവിള വീട്, ആദിച്ചനല്ലൂർ എന്ന വ്യക്തി നെടുമ്പന പഞ്ചായത്തിലുൾപ്പെടുന്ന വ്യക്തിയല്ല എന്ന് ഹാജരാക്കിയ

രേഖകളിൽ കാണുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാൾ നെടുമ്പന പഞ്ചായത്തിൽ വാടകയ്ക്ക് താമസിക്കുന്ന വ്യക്തിയാണെന്ന് വാർഡ്ഡു മെമ്പറുടെ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കുകയുണ്ടായി. ഭാവിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ പരാമർശിത കാരണങ്ങളാൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 33,300/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/19.7.21 .
തടസ്സപ്പെടുത്തിയ തുക-33,300/-രൂപ .

1-19 നെടുമ്പന സർക്കാർ ഹോമിയോ ആശുപത്രിക്ക് വേണ്ടിയുള്ള മരുന്ന് പർണ്ണമായും ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ).

അടങ്കൽ : 1,00,000/-രൂപ
ചെലവഴിച്ച തുക : 1,00,000/-രൂപ, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

നെടുമ്പന സർക്കാർ ഹോമിയോ ആശുപത്രിക്ക് വേണ്ടി മരുന്ന് വാങ്ങുന്നതിനായി ഹോംകോയ്ക്ക് അടവാക്കിയ 1,00,000/- രൂപയിൽ 49,714/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | ഹോംകോയ്ക്ക് നൽകിയ തുക (രൂപ) | ബിൽ നം/തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|
| 22/21 പൊതുവിഭാഗം | 100,000/- | 2/29.01.21 | 50,286/- | 49,714/- |

49,714/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 19/26.07.21 .

1-20 ജൈവ സംസ്കരണ ഭരണി - ഗുണഭോക്തൃ വിഹിതം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു

ജൈവ സംസ്കരണ ഭരണി ഗുണഭോക്തൃ വിഹിതം തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക തിരികെ ഒടുക്കു വരുത്തി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| പദ്ധതി, നം | ജൈവ സംസ്കരണ ഭരണി (166/20) |
| അടങ്കൽ തുക | 2,87,300/-രൂപ (CFC) &<br>2,87,300/-രൂപ (BC) |
| ചെലവ് തുക | 21,390/-രൂപ (4/26.2.20)-CFC<br>1,55,000/-രൂപ (2/18.7.19)-CFC<br>1,47,860/-രൂപ (6120354/20.12.19)-BC<br>1,250/-രൂപ (6120369/13.2.20)-BC |

ജനറൽ വിഭാഗത്തിനായി വിഭാവനം ചെയ്ത പദ്ധതിയിൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡി നിരക്കിലും, എസ്.സി. വിഭാഗത്തിന് 90% സബ്സിഡി നിരക്കിലും ജൈവ സംസ്കരണ ഭരണി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. തൻവർഷം ജനറൽ വിഭാഗത്തിൽ 187 പേരും എസ്.സി. വിഭാഗത്തിൽ 23 പേരും ഗുണഭോക്താക്കളായിരുന്നു. 1,550/-രൂപ നിരക്കിലാണ് ജൈവ സംസ്കരണ ഭരണി വാങ്ങി നൽകിയിട്ടുള്ളത്. ടി പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായി തൻവർഷം പിരിച്ചിട്ടുള്ള തുക 1,48,490/- രൂപയാണ്.

187x775 (50% Of 1,550) + 23x155 (10% Of 1,550) = 1,48,490/-രൂപ.

എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി ചെലവഴിച്ചിട്ടുള്ളത് 1,49,110/-രൂപയാണ്. ബാലൻസ് തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചു. പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്താതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടി തുക തിരികെ ഒടുക്കു വരുത്തി.ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 കന്നുകുട്ടി പരിപാലന പദ്ധതി - തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി, നം | കന്നുകുട്ടി പരിപാലന പദ്ധതി (11/21) |
| അടങ്കൽ തുക | 7,00,000/-രൂപ (വികസന ഫണ്ട്)<br>3,00,000/-രൂപ (തനത് ഫണ്ട്)<br>10,00,000/- രൂപ (ഗുണഭോക്തൃ വിഹിതം) |
| ചെലവ് തുക | 7,00,000/-രൂപ (2/28.9.19)<br>3,00,000/-രൂപ (2226620/10.4.21) |

കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും 80 കന്നു കുട്ടികൾക്കായി 12,500/-രൂപ നിരക്കിൽ 10 ലക്ഷം രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് ഓഫീസിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ട് 14.7.2021ലെ Assistant Director, Calf Feed Subsidy Scheme ന്റെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 80 കന്നുകുട്ടികൾക്കായി 23,760/- രൂപ വിനിയോഗിച്ചിട്ടുള്ളതായും പദ്ധതി നിലവിലും തുടരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആകെ 10 ലക്ഷം രൂപ ഒടുക്കു വരുത്തിയതിൽ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 9,76,240/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 9,76,240/-രൂപ .

1-22 നൂതനപ്രോജക്ടിലൂടെ പ്രയോജനക്ഷമമല്ലാത്ത പ്രവർത്തനങ്ങൾ-ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച കാലാവസ്ഥാനിരീക്ഷണ സംവിധാനത്തിൽ നിന്നും യാതൊരു വിവരങ്ങളും ലഭിച്ചില്ല.

കാലാവസ്ഥ വ്യതിയാനവും ഇതര പാരിസ്ഥിതിക പ്രശ്നങ്ങളും കാർഷിക മൃഗസംരക്ഷണ മേഖലകളെ എപ്രകാരം ബാധിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് പരിഹാര നിർദ്ദേശങ്ങൾ നൽകുക, വെള്ളപ്പൊക്ക ലഘൂകരണ ഇടപെടലുകളും നദീതട പുനസ്ഥാപനവും ഭൂഗർഭ ജലനിരപ്പ് നിർണയവും സാദ്ധ്യമാക്കുക, കാലാവസ്ഥ ബോധവത്ക്കരണം സാദ്ധ്യമാക്കുക, കാർബൺ ശേഖരം തിട്ടപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സെക്രട്ടറി നിർവഹണം നടത്തിയ 'ഇടം അതിജീവനം - വിഷൻ മിഷൻ 2030' എന്ന നൂതന പ്രോജക്ടിന്റെ ഭാഗമായി കാലാവസ്ഥ നിരീക്ഷണത്തിനുള്ള

ഉപകരണ സംവിധാനങ്ങൾ നെടുമ്പന ഗവ. ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചുവെങ്കിലും കാലാവസ്ഥ സംബന്ധമായ വിവരങ്ങൾ നൽകുന്ന അടിസ്ഥാന സ്രോതസ് എന്ന നിലയിലുള്ള യാതൊന്നും പ്രസ്തുത സംവിധാനത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഉപകരണ സംവിധാനത്തിന്റെ സാങ്കേതിക പൂർണതയോ, പ്രോജക്ട് ലക്ഷ്യങ്ങൾക്കിണങ്ങും വിധമുള്ള വിവരദായകശേഷിയോ ഇപ്രകാരം സ്ഥാപിച്ച സാങ്കേതിക സംവിധാനങ്ങൾക്കുണ്ടെന്ന് ഉറപ്പു വരുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. നൂതന പ്രോജക്ടിലെ ഘടകമെന്ന നിലയിൽ അംഗീകാരം നേടി ഉപകരണ സംവിധാനങ്ങൾ സ്ഥാപിച്ചു എന്നതിലുപരിയായി പ്രയോഗതലത്തിൽ യാതൊരു ലക്ഷ്യപ്രാപ്തിയും കൈവരിക്കുവാൻ കഴിയാത്ത സ്ഥിതിയിലാണ് ഇപ്പോൾ പ്രസ്തുത ഉപകരണ സംവിധാനം നിലകൊള്ളുന്നത് .

'ഇടം അതിജീവനം - വിഷൻ മിഷൻ 2030' എന്ന പദ്ധതിക്കായി പ്രോ. നം. 160/21 പ്രകാരം 12 ലക്ഷം രൂപയും പ്രോ.നം. 37/21 പ്രകാരം 43,900/- രൂപയും തനതുഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നം.പേര് | ചെലവിനം | തുക (രൂപ) | ചെക്ക് നം. തീയതി |
|---|---|---|---|
| 160/21 ഇടം അതിജീവനം - വിഷൻ മിഷൻ 2030 | കാലാവസ്ഥ നിരീക്ഷണകേന്ദ്രം സ്ഥാപിക്കൽ | 10,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 5,00,000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 2,00,000/-രൂപയും തനതുഫണ്ടിൽ നിക്ഷേപിച്ചത് ഉൾപ്പെടെ) | 01213/ 18.06.20 |
| | ഡയറികൾ പ്രിന്റ് ചെയ്യൽ | 1,08,900/- | 599266/ 12.11.20 |
| | ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യൽ | 1,41,100/- (പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഗുണഭോക്തൃവിഹിതം - 50,000/-രൂപ ഉൾപ്പെടെ) | 570930/ 27.03.21 |
| 37/21 ഇടം അതിജീവനം - വിഷൻ മിഷൻ 2030 | ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യൽ | 43,900/- | |

കുടുംബ കമ്മിറ്റികളുടെയും വാർഡ് കമ്മിറ്റികളുടെയും, പഞ്ചായത്ത് തല കമ്മിറ്റിയുടെയും രൂപീകരണം, ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിക്കൽ, കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷിരീതികളും മണ്ണ് സംരക്ഷണവും മഴ വെള്ള സംഭരണവും സാമൂഹ്യ വനവത്ക്കരണവും നടപ്പിലാക്കൽ തുടങ്ങി പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും കാർബൺ സന്തുലിതാവസ്ഥയിലേക്ക് പഞ്ചായത്ത് പ്രദേശത്തെ എത്തിക്കുവാനും അനുയോജ്യമായതും ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവഹിക്കാവുന്നതും പ്രസക്തവുമായ

കർമപദ്ധതികൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ Local Action Plan On Climate Change എന്ന നയരേഖയുടെ തുടർച്ചയായി കേരള കാർഷിക സർവ്വകലാശാല (KAU) യുടെ Academy Of Climate Change Education And Research (ACCER) തയ്യാറാക്കിയ Climate Resilient Panchayat At Nedumpana Kollam എന്ന പദ്ധതി രേഖയെ ആധാരമാക്കിയാണ് ഇടം അതിജീവനം എന്ന പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തും കേരള കാർഷിക സർവ്വകലാശാലയും തമ്മിൽ 16.06.2020 ൽ ഒപ്പുവച്ച MoU വിനെത്തുടർന്ന് 10 ലക്ഷം രൂപ കാർഷിക സർവകലാശാലയിൽ ഒടുക്കി കാലാവസ്ഥ നിരീക്ഷണകേന്ദ്രം (ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ-AWS) സ്ഥാപിച്ചുവെങ്കിലും ആയത് സ്ഥാപിക്കുന്നതിലൂടെ ലഭ്യമാകേണ്ട പ്രയോജനങ്ങളായി ACCER ന്റെ പദ്ധതി രേഖയിൽത്തന്നെ വ്യക്തമാക്കിയിരിക്കുന്ന ജനങ്ങൾക്ക് കാലാവസ്ഥ സംബന്ധമായ കാലിക വിവരങ്ങൾ ലഭ്യമാക്കൽ, ദിവസേനയുള്ള കാലാവസ്ഥ റിപ്പോർട്ട് നൽകൽ, വിളപരിപാലനത്തിന് സഹായകമായ കാലാവസ്ഥാ വിവരങ്ങൾ നൽകൽ, കാലാവസ്ഥാ വ്യതിയാനം സംബന്ധമായ വിവരങ്ങൾ മത്സ്യമേഖലയ്ക്ക് നൽകൽ, കാലാവസ്ഥയിലെ അതിതീവ്ര വ്യതിയാനങ്ങൾ SMS അലർട്ടിലൂടെ അറിയിക്കൽ എന്നിങ്ങനെയുള്ള യാതൊരു പ്രവർത്തനങ്ങളും നാളിതുവരെ നടന്നതായി വ്യക്തമാക്കുന്ന രേഖകളില്ല.

AWSൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തി പഞ്ചായത്ത് എന്ന സ്ഥാപനത്തിനോ തദ്ദേശീയർക്കോ ലഭ്യമാക്കിയിട്ടുള്ളതായോ വരുംകാല പദ്ധതി രൂപീകരണത്തിന് ആധാരമാക്കാവുന്ന വിധത്തിൽ സൂക്ഷിച്ചിട്ടുള്ളതായോ വ്യക്തമാക്കുന്ന രേഖകളില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ജില്ലാ പഞ്ചായത്തിന്റെയും വിവിധ വകുപ്പുകളുടെയും ഫണ്ടുകൾ കൂടി ഉൾപ്പെടുത്തി വിപുലമായി പരിപാടി സംഘടിപ്പിക്കുന്നതാണെന്ന് പ്രസിഡന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നൂതന പദ്ധതിയായി അംഗീകരിച്ചത്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി യഥാക്രമം 5,00,000/-രൂപയും 2,00,000/-രൂപയും ലഭിച്ചിട്ടുണ്ട്.

പാരിസ്ഥിതികവും കാലാവസ്ഥാപരവുമായ ബോധവൽക്കരണം നൽകുന്നതിലേക്ക് സാധാരണ ജനങ്ങൾക്ക് വിശിഷ്യാ വിദ്യാർത്ഥികൾക്ക് വേണ്ടി കാലാവസ്ഥാ മാറ്റങ്ങൾ നമ്മുടെ സാമൂഹ്യ സാമ്പത്തിക ആരോഗ്യ മേഖലകളെ എപ്രകാരം ബാധിക്കുന്നുവെന്ന് വ്യക്തമാക്കുന്ന കൈപ്പുസ്തകങ്ങൾ ലളിതമായ ഭാഷയിൽ തയ്യാറാക്കണമെന്നും ആയത് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കണമെന്നും ACCER ന്റെ പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ലക്ഷ്യവുമായി യാതൊരു തരത്തിലും ഇണങ്ങാത്തതും ദിനേനയുള്ള ഡയറിയെഴുത്തിന് ഉതകുന്നതും ചില പ്രധാന ദിനങ്ങളെക്കുറിച്ച് ലഘു സൂചനകൾ നൽകുന്നതുമായ ഡയറികൾ പ്രിന്റ് ചെയ്യുന്നതിനായി 1,08,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഡയറികൾ വിതരണം ചെയ്തതായോ ഏതെങ്കിലും തരത്തിൽ കുട്ടികൾ ഉപയോഗപ്പെടുത്തിയതായോ വ്യക്തമാക്കുന്ന യാതൊരു രേഖകളുമില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

Local Action Plan On Climate Change എന്ന നയരേഖയിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും കാർബൺ സന്തുലിതാവസ്ഥയിലേക്ക് പഞ്ചായത്ത് പ്രദേശത്തെ എത്തിക്കുവാനും അനുയോജ്യമായതും ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവഹിക്കാവുന്നതും പ്രസക്തവുമായ കർമപദ്ധതികളും പ്രവർത്തനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങളിൽ ഭൂരിപക്ഷവും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സഹായകമായ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പദ്ധതി ആസൂത്രണ സബ്സിഡി മാർഗരേഖകളിൽ നിലവിലുണ്ട്. നയരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളുടെ നിർവഹണത്തിന് സാങ്കേതികജ്ഞാനമുള്ള ഉദ്യോഗസ്ഥ

സംവിധാനവും ഗ്രാമസഭ അടക്കമുള്ള ഭരണ സംവിധാനവും ഉണ്ടായിരിക്കെ AWS സ്ഥാപിച്ചതിന്റെ അനിവാര്യതയോ AWS സ്ഥാപിക്കലും വിവരശേഖരണവും ഒഴികെ കർമപദ്ധതിയിൽ ഉൾച്ചേർന്നിരിക്കുന്ന ഇതര വിഷയങ്ങൾക്കായി പദ്ധതി രേഖ തയ്യാറാക്കലും തുടർപ്രവർത്തനങ്ങളും ACCERന്റെ പങ്കാളിത്തത്തോടെ നിർവഹിക്കുന്നതിന്റെ കാരണമോ വ്യക്തമല്ല.

Indian Meteriological Department കേരളത്തിൽ 100 AWS സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും, ആദ്യഘട്ടമായി 15 AWS സ്ഥാപിച്ച വിവരങ്ങൾ ഏതൊരാൾക്കും ലഭിക്കുന്നതിന് Network Connectivity നൽകിയിട്ടുമുണ്ട്. AWS സ്ഥാപിച്ചതിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ മറ്റൊരു വിദഗ്ധന്റെയും സഹായമില്ലാതെ മൊബൈൽ ഫോണുകളിലൂടെ ലഭ്യമാകുന്നതിന് നിലവിൽ സംവിധാനമുണ്ടായിരിക്കെ, ഇത്തരമൊരു പദ്ധതിയ്ക്കായി തുക ചെലവഴിക്കുകയും, വിദഗ്ധരുടെ സേവനത്തിനായി ആവർത്തനച്ചെലവ് വഹിക്കേണ്ടി വരുന്നതും ഒഴിവാക്കേണ്ടതാണ്. Skynet, IBM Weather Company, Earth Network Windly തുടങ്ങിയ സ്വകാര്യ കമ്പനികളുടെ AWS-ൽ നിന്നുള്ള സേവനം കൂടി ലഭ്യമാക്കിയാണ് നിലവിൽ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അവരുടെ Dashboard ൽ കൂടി Weather Updates ലഭ്യമാക്കുന്നത്. ഗവൺമെന്റ് മേഖലയിൽ തന്നെ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും അത് ഏവർക്കും പ്രാപ്യമാകുകയും ചെയ്യുമ്പോഴാണ് ഇത്തരമൊരു പദ്ധതി നൂതന പദ്ധതിയായി നടപ്പിലാക്കിയത്.

മേൽ സൂചന ഓഡിറ്റ് നിരീക്ഷണങ്ങളേയും കാർബൺ സന്തുലിതാവസ്ഥയും ഊർജ സംരക്ഷണവും ലക്ഷ്യമാക്കി പഞ്ചായത്ത് നടത്തിയ ഇതര പ്രവർത്തനങ്ങളേയും സാധൂകരിക്കുന്ന രേഖകൾ സഹിതമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ സമിതി കില, ACCER തുടങ്ങിയവയുടെ പ്രതിനിധികൾ കൂടി പങ്കെടുത്ത കൂടിയാലോചനകളുടെ തുടർച്ചയായി രൂപീകരിക്കപ്പെട്ട Local Action Plan On Climate Change എന്ന രേഖയെ ആധാരമാക്കി തുടർ പദ്ധതിയായി നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് ഏറ്റെടുത്ത പദ്ധതിയാണിത്. ഇപ്രകാരം ഒരു പദ്ധതി ഏതെങ്കിലും തദ്ദേശസ്ഥാപനം ഏറ്റെടുത്ത് പൂർത്തീകരിച്ച മാതൃക നിലവില്ലാത്തതിനാൽ അതിന്റേതായ കുറവുകളും പരിമിതികളും ആദ്യ പദ്ധതി എന്ന നിലയിൽ ഏകോപനത്തിൽ സംഭവിച്ചിട്ടുണ്ട്.

2. കാലാവസ്ഥ വ്യതിയാനം വിവിധ മേഖലകളിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും ആയതിന് എടുക്കേണ്ട മുൻകരുതലുകളും മനസിലാക്കുന്നതിനും വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുമാണ് ACCER ന്റെ സാങ്കേതിക സഹായം ആവശ്യമായി വരുന്നത്. അതിന്റെ ആദ്യ പടിയായി AWS സ്ഥാപിക്കുകയും AWSൽ നിന്നുള്ള സിഗ്നൽ യഥാസമയം ACCERൽ ലഭ്യമാവുകയും ഈ ഡാറ്റ പ്രോസസ് ചെയ്ത് കാലാവസ്ഥാ വിവരങ്ങൾ പഞ്ചായത്തിന് കൈമാറുകയുമാണ് ചെയ്യേണ്ടതെങ്കിലും ടെലികമ്യൂണിക്കേഷൻ തകരാറ് മൂലം ആയത് സാധ്യമായിട്ടില്ല. സേവന ദാതാവിനെ മാറ്റി പ്രശ്നം പരിഹരിക്കുമെന്നും സംവിധാനം പൂർണമായി പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ ലക്ഷ്യം കൈവരിക്കുവാൻ കഴിയുകയുള്ളുവെന്നും ആയത് അടിയന്തിരമായി പൂർത്തിയാക്കുമെന്നും ACCER പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

3. പ്രോജക്ടിന്റെ ഭാഗമായി അച്ചടിച്ച ഡയറികൾ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലും പുറമേയുള്ള സ്കൂളുകളിലും പഠിക്കുന്ന തദ്ദേശിയരായ വിദ്യാർത്ഥികൾക്ക് യഥാക്രമം പ്രഥമാദ്ധ്യാപകരും സി.ഡി.എസും മുഖേന വിതരണം ചെയ്തിട്ടുണ്ട്. 2021 മേയ് മാസം വരെയുള്ള രേഖപ്പെടുത്തൽ വരുത്താൻ കഴിയുന്ന ഡയറി എഴുതുന്നത് സംബന്ധിച്ച മാർഗരേഖ ഡയറിയിൽ തന്നെ പ്രതിപാദിക്കുകയും സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും ഡയറി പരിശോധിക്കുന്നതിന്

തീരുമാനിക്കികയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയായെങ്കിൽ മാത്രമേ ഇതിന്റെ ഫീഡ്ബാക്ക് ലഭ്യമാവുകയുള്ളൂ.

4. കാർബൺ സന്തുലിതാവസ്ഥയിലേക്ക് പഞ്ചായത്തിനെ എത്തിക്കുന്നതിന് കാർബൺ എമിഷനും അബ്സോർബ്ഷനും കണ്ടെത്തുന്നതിന് സർവ്വേ നടത്തേണ്ടതുണ്ട്. സമാന പദ്ധതി ഏറ്റെടുത്തിട്ടുള്ള രണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സർവേ നടത്തുന്നത് ACCER ആണ്. ACCERൽ Climate Change Adaptation എന്ന കോഴ്സിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കുന്നവർക്ക് കാലാവസ്ഥ വ്യതിയാനം നേരിട്ട് ബാധിക്കുന്ന കൃഷി മൃഗസംരക്ഷണം മുതലായ മേഖലകളിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ തുടങ്ങിയവർക്ക് ലഭിക്കുന്നതിനേക്കാൾ അറിവുണ്ട്. ഇതെല്ലാം പരിഗണിച്ചാണ് ACCER മായി കരാറിൽ ഏർപ്പെട്ടത്.

5. ഊർജ സംരക്ഷണവും കാർബൺ സന്തുലിതാവസ്ഥയും ലക്ഷ്യമാക്കി പഞ്ചായത്തിലെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും നാഷണൽ റർബൺ മിഷനിൽ ഉൾപ്പെടുത്തി സോളാർ പാനൽ സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. തെരുവു വിളക്കുകളിലെ സാധാ ബൾബുകളും സി.എഫ്.എൽ. ബൾബുകളും പൂർണമായി ഒഴിവാക്കി 2100 എൽ.ഇ.ഡി. തെരുവു വിളക്കുകൾ നാഷണൽ റർബൺ മിഷനിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു വരുന്നുണ്ട്.

6. ACCER ലെ വിദഗ്ധർ 2020 ജൂലൈ മാസത്തിൽ ആരംഭിച്ച സർവ്വേ, കോവിഡ് സാഹചര്യത്തിൽ മുടങ്ങിയെങ്കിലും നിലവിൽ 17 വാർഡുകളിലെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ വാർഡുകളിലെയും സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിനെ കാർബൺ സന്തുലിതം ആക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) നൽകുന്നതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ച ശേഷം മാത്രമേ പൂർണ തോതിൽ പ്രോജക്ടിന്റെ ഫീഡ് ബാക്ക് ലഭിക്കുകയുള്ളൂ.

MoU പ്രകാരമുള്ള കരാർ കാലാവധി കഴിഞ്ഞുവെങ്കിലും ACCER സമർപ്പിച്ച Climate Reslient Panchayat At Nedumpana Kollam എന്ന രേഖയിൽ വ്യക്തമാക്കും പ്രകാരമുള്ള യാതൊരു ഫലങ്ങളും AWS ൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും കാർബൺ ശേഖരം തിട്ടപ്പെടുത്തുകയോ കാർബൺ സന്തുലിതം ലക്ഷ്യമാക്കിയുള്ള DPR തയ്യാറാക്കുകയോ ചെയ്തിട്ടില്ലായെന്നും അച്ചടിച്ച ഡയറികൾ ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ നിലവിൽ ലഭ്യമല്ലായെന്നും പഞ്ചായത്ത് നൽകിയ മറുപടിയിൽനിന്നും വ്യക്തമാവുന്നു.

ഉപകരണ സംവിധാനത്തിൽ നിന്ന് വിവരങ്ങൾ ലഭ്യമാകാത്തത് സംബന്ധമായി പഞ്ചായത്ത് ACCER ൽ നിന്ന് വിശദീകരണം തേടിയതായോ വിശദീകരണത്തിന്മേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചതായോ വ്യക്തമാക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

AWS സ്ഥാപിക്കുന്നതിന് തുക നൽകുക എന്നതിലുപരിയായി AWS നിന്നുള്ള വിവരശേഖരണത്തിനോ നൂതന പദ്ധതിയിലെ ഇതര ഘടകങ്ങൾക്ക് പ്രസ്തുത വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ നാളിതുവരെയായി യാതൊരു നടപടിയും സ്വീകരിക്കാതെ വിവര വിനിമയത്തിലെ തടസങ്ങൾ സംബന്ധമായ ACCER ന്റെ മറുപടി മുഖവിലയ്ക്കെടുക്കുകയും AWS ൽ നിന്ന് യാതൊരു വിവരങ്ങളും ലഭ്യമാക്കുവാൻ ACCER ന് കഴിയുന്നില്ലെന്ന് ബോദ്ധ്യമായിട്ടും പ്രോജക്ടിലെ മറ്റൊരു ഘടകമായ കാർബൺ ശേഖരം തിട്ടപ്പെടുത്തലിനുള്ള സർവ്വേ നടപടികൾ ACCER മേൽനോട്ടത്തിൽ നിർവഹിക്കാൻ അനുവദിക്കുകയും ചെയ്ത പഞ്ചായത്തിന്റെ നടപടി നൂതന പ്രോജക്ട് നിർവഹണത്തിൽ ഭരണ നിർവഹണാധികാരികളുടെ അനാസ്ഥ വ്യക്തമാക്കുന്നു. അക്കാരണത്താൽ തന്നെ പൂർവ്വ മാതൃകകൾ നിലവിലില്ലാത്തതിനാൽ പദ്ധതി നിർവഹണത്തിൽ അതിന്റേതായ കുറവുകളും പരിമിതികളും സംഭവിച്ചിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല.

അന്തരീക്ഷതാപനില, മർദ്ദം, ആർദ്രത, സൗരവികിരണത്തോത്, മഴയുടെ അളവ്, കാറ്റിന്റെ ഗതി എന്നിവ കണ്ടെത്തുന്നതിനുള്ള ഉപകരണ സംവിധാനമാണ് AWSൽ ക്രമീകരിച്ചിരിയ്ക്കുന്നത്. പ്രസ്തുത കാലാവസ്ഥാ ഘടകങ്ങളിൽ ഏറ്റവും ശാസ്ത്രീയമായ കാലിക വിവരങ്ങളും പ്രവചനങ്ങളും ഏവർക്കും പ്രാപ്യമാവും വിധത്തിൽ പൊതുമണ്ഡലത്തിൽ ലഭ്യമായിരിയ്ക്കെ നിയമപരമായി പഞ്ചായത്തിന് നിയന്ത്രണാധികാരമോ നടത്തിപ്പ് ചുമതലയോ ഇല്ലാത്തതും പദ്ധതികളുടെ രൂപീകരണത്തിനോ നിർവഹണത്തിനോ കാർബൺ സന്തുലിത പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനോ അനിവാര്യമല്ലാത്തതുമായ കാലാവസ്ഥ നിരീക്ഷണകേന്ദ്രം സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല.

കാർബൺ ശേഖരം തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വേ പൂർത്തിയാക്കി നൽകുന്ന DPRനെ ആധാരമാക്കി നടത്തുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ശേഷം മാത്രമേ പ്രോജക്ടിന്റെ ഫീഡ്ബാക്ക് അതായത് പഞ്ചായത്ത് കാർബൺ സന്തുലിതമായോ എന്ന് നിർണയിക്കാനാവുകയുള്ളൂവെന്ന് പഞ്ചായത്ത് നൽകിയ മറുപടിയിൽ നിന്ന് വ്യക്തമാവുന്നു. ആയത് തിട്ടപ്പെടുത്തുന്നതിനുള്ള രീതി ശാസ്ത്രമോ, ചെലവോ, കാലയളവോ അംഗീകാരം നേടിയ നൂതന പദ്ധതിയിൽ വ്യക്തമല്ല.

ഡയറികൾ വിതരണം ചെയ്തുവെന്നതിനെ സാധൂകരിക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അംഗീകാരം നേടിയ നൂതന പ്രോജക്ടിൽ ഒരു പ്രവർത്തന ഘടകമായി ഡയറി അച്ചടിച്ച് വിതരണം ചെയ്യലും ഡയറിയെഴുത്തും ഉൾപ്പെടുത്തിയിട്ടുമില്ല.

കേരള കാർഷിക സർവ്വകലാശാലയുടെ 9.3.20-ലെ ACCER/GL-1/477/19 നമ്പർ കത്ത് പ്രകാരം AWS സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും പ്രോജക്ട് ഫെലോസിന് ഒരു വർഷത്തെ പ്രതിഫലം നൽകുന്നതിന് 7.2 ലക്ഷം രൂപയും ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ 6 ലക്ഷം രൂപയും ഓവർ ഹെഡ് ചാർജായി 1.8 ലക്ഷം രൂപയുമുൾപ്പെടെ 25 ലക്ഷം രൂപയുടെ ബജറ്റാണ് സമർപ്പിച്ചിരിക്കുന്നത്.

ബജറ്റ് തുക ഉയർത്തണമെന്നും പ്രോജക്ട് കാലാവധി ദീർഘിപ്പിക്കണമെന്നും ഏജൻസി (ACCER )കണ്ടെത്തുന്ന പക്ഷം പഞ്ചായത്ത് അംഗീകാരത്തോടെ അപ്രകാരം ചെയ്യാമെന്നും ഒരു വർഷ കാലാവധിയുള്ള പ്രോജക്ടിന്റെ പൂർത്തീകരണ ശേഷം കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ പരിപാലനത്തിനും ലഭ്യമാകുന്ന ഡാറ്റകളുടെ വിലയിരുത്തലിനും കൈമാറലിനുമായി റിസോഴ്സ് പേഴ്സൺമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് KAU സഹായം നൽകുമെന്നും അവരുടെ പ്രതിഫലം ACCER മുഖേന പഞ്ചായത്ത് നൽകണമെന്നും MoU വിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

നാളിതുവരെ യാതൊരു ഫലങ്ങളും നൽകാത്തതും, നിലനില്ക്കുന്നിടത്തോളം കാലം പഞ്ചായത്തിന് പ്രതിവർഷം ലക്ഷങ്ങളുടെ ആവർത്തനച്ചെലവിന് ഇടയാക്കുന്നതും, പഞ്ചായത്തിന്റെ അനിവാര്യമായതോ പൊതുവായതോ മേഖലപരമയതോ ആയ ചുമതലകളുടെ നിർവഹണത്തിനോ, നൂതന പ്രോജക്ടിലൂടെ നിർവഹിക്കുവാൻ ലക്ഷ്യമിട്ട പദ്ധതികളുടെ രൂപീകരണത്തിനോ, നിർവഹണത്തിനോ, കാർബൺ ശേഖരം തിട്ടപ്പെടുത്തുന്നതിനോ, കാർബൺ സന്തുലിത പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനോ അനിവാര്യമല്ലാത്തതുമായ ഉപകരണ സംവിധാനമാണ് ACCER മുഖേന സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും ആയതിന്റെ സ്ഥാപിക്കലും തുടർ പരിപാലനവും സാമ്പത്തിക സാങ്കേതിക പ്രായോഗിക ക്ഷമതയുള്ളതല്ലെന്നും വ്യക്തമാകുന്നതിനാൽ ആയതിനായി ചെലവഴിച്ച 10,00,000/-രൂപ തടസ്സപ്പെടുത്തുകയും പ്രോജക്ട് ലക്ഷ്യങ്ങളുമായി യോജിക്കാത്തതും വിതരണ രേഖകൾ ഇല്ലാത്തതുമായ ഡയറി പ്രിന്റിംഗിനായി ചെലവഴിച്ച 1,08,900/-രൂപയുടെ ചെലവ് നിരാകരിക്കുകയും ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഏജൻസികൾ മുഖേന വിനിയോഗിച്ചുള്ള പഠനമോ വിവരശേഖരണമോ ഇല്ലാതെതന്നെ ദേശീയ സംസ്ഥാന നയങ്ങളുടെ ഭാഗമായി വിവിധ

മിഷനുകളിലൂടെ ഊർജ സംരക്ഷണവും കാർബൺ സന്തുലിതാവസ്ഥയും ലക്ഷ്യമാക്കി സോളാർ പാനലുകളും എൽ ഇ ഡി വിളക്കുകളും സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കപ്പെടുന്നു എന്നത് ഗ്രാമപഞ്ചായത്തിനെ റർബൺ മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യക്തമാവുന്നു.

കാർബൺ സന്തുലനം ലക്ഷ്യമാക്കി നടപ്പിലാക്കാവുന്നതും സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതുമായ പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കൽ, സ്കൂൾ വളപ്പിൽ വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ, കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം തുടങ്ങിയ ഇനങ്ങളിൽപ്പെടുന്ന ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ കൃഷി ഓഫീസറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും മുഖേനയും കാവുകളുടെ സംരക്ഷണാർത്ഥമുള്ള പ്രോജക്റ്റുകൾ അസിസ്റ്റന്റ് എൻജിനീയർ മുഖേനയും നിർവഹിച്ചിട്ടുമുണ്ട്.

മലയോരത്തുള്ളതും സമുദ്രതീരത്തുള്ളതും പുഴകൾ ഒഴുകുന്നതുമായ ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് പാരിസ്ഥിതികാഘാത സാദ്ധ്യത താരതമ്യേന കുറവാകാനിടയുള്ള നെടുമ്പന ഗ്രാമ പഞ്ചായത്തിനെ കാർബൺ സന്തുലിതമാക്കുക എന്ന ലക്ഷ്യം നേടുന്നതിലേക്കും കാർബൺ സന്തുലിതമായി നിലനിർത്തുന്നതിലേക്കും ഉതകുന്ന പദ്ധതികൾ AWS ൽ നിന്നുള്ള വിവരങ്ങളോ ACCER ന്റെ പിന്തുണാസംവിധാനമോ ഇല്ലാതെ തന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾക്ക് അനിവാര്യമല്ലാത്ത AWS പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥാപിച്ച നടപടി ഭരണസമിതി പുനരവലോകനം ചെയ്യേണ്ടതാണ്.

നൂതന പ്രോജക്റ്റ് ACCER ന് പഠന ഗവേഷണങ്ങൾക്കുള്ള വിവര ശേഖരണ ഉപാധി മാത്രമായി മാറിയ സാഹചര്യം വിലയിരുത്തി AWSന്റെ പരിപാലനച്ചുമതല ഡാറ്റയിൽ സംയുക്താവകാശമുള്ള ACCER ഏറ്റെടുക്കുന്നതിനും പഞ്ചായത്ത് നിലവിൽ ചെലവഴിച്ച തുകയുടെ പ്രയോജനം ലഭിക്കുന്ന വിധത്തിൽ കാലാവസ്ഥപരമായ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനും ACCER ന്റെ പങ്കാളിത്തത്തോടെയുള്ള പ്രോജക്റ്റ് നിർവഹണത്തിന് കാലപരിധി നിശ്ചയിക്കുന്നതിനും ആവർത്തനച്ചെലവ് പൂർണമായും ഒഴിവാക്കുന്നതിനും സേവനം നൽകാത്ത പക്ഷം ACCER ൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും ഉതകുന്ന വിധത്തിൽ പഞ്ചായത്തിന് അനുഗുണമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെടുന്നതിന് ഭരണനിർവഹണാധികാരികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പ്രസ്താവിത കാരണങ്ങളാൽ AWS സ്ഥാപിച്ചതിന് ചെലവഴിച്ച 10,00,000/-രൂപ തടസ്സപ്പെടുത്തുകയും, ലഘുകൈപ്പുസ്തകത്തിനു പകരം പദ്ധതിയിലുൾപ്പെടാത്ത ഡയറി വാങ്ങിയതിന് ചെലവ് ചെയ്ത 1,08,900/-രൂപ നിർവ്വഹണോദ്യാഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിക്കുന്നതോടൊപ്പം തുടർ ആവർത്തനച്ചെലവുകൾ പൂർണ്ണമായും ഒഴിവാക്കി മാത്രം പ്രവർത്തനം തുടരുന്നതിനും, ACCER കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ നിയമനടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

എൻക്വയറി നം. – 23/28.7.2021 .

തടസ്സപ്പെടുത്തുന്ന തുക – 11,08,900/-രൂപ .

നിരാകരണം – 1,08,900/-രൂപ

1-23 മരാമത്ത് പ്രവൃത്തി കരാർ കാലാവധിയ്ക്ക് ശേഷം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കാത്ത പക്ഷം വൈകിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% തുക എന്ന നിരക്കിൽ കണക്കാക്കി Compensation For

Delay/Liquidated Charges ഇനത്തിൽ അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രം കരാറുകാരന് തുക നൽണമെന്ന് 01.02.2012 ലെ G.O.(P) No.13/2012/PWD പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാത്ത ‘പകൽ വീട് (വാർഡ്-2)’ എന്ന പ്രവൃത്തിക്ക് കരാറുകാരനിൽ നിന്നും Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. : 156/20-21 (സ്പിൽ ഓവർ).

പ്രവൃത്തിയുടെ പേര് : പകൽ വീട് (വാർഡ് 2)
അടങ്കൽ : 10,00,000/-രൂപ.
കരാർ നം. : 42/AE/LSGD/NDPNA/12-20/08.11.19.

കരാർ തുക : 8,11,191/-രൂപ.
കരാറുകാരൻ : ശ്രീ. ജി. ബി. ശശികുമാർ
എം.ബുക്ക് നം. : 18/19-20.
ആകെ പ്രവൃത്തി മൂല്യം : 7,91,107/- രൂപ + 94,933/-രൂപ (ജി.എസ്.ടി.)
ബിൽ നം./തീയതി/തുക : 10/20-21 തീ.21.04.21/ 4,21,202/-രൂപ.

51/20-21 തീ.27.01.21/ 4,64,838/-രൂപ.

പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ : 08.05.20 മുതൽ 04.08.20 വരെ = 13
ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് = 8,11,191/-x 0.1% X 13 = 10,545/- രൂപ.

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫൈൻ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 25/30.07.21 .

നിരാകരിച്ച തുക – 10,545/-രൂപ .

## 1-24 ഇടം പദ്ധതി കായിക ഗ്രാമം - മാർഗനിർദ്ദേശങ്ങൾ പാലിക്കാതെ സ്പോർട്സ് യൂണിഫോം വാങ്ങി വിതരണം ചെയ്തു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ‘ഇടം പദ്ധതി - കായിക ഗ്രാമം’ എന്ന പ്രോജക്ടിനായി (പ്രോ. നം. 162/21) തനതു ഫണ്ടിൽ നിന്ന് 02.07.20ലെ ചെക്ക് നം. 012662 പ്രകാരം 23,608/-രൂപ ചെലവഴിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് സ്പോർട്സ് യൂണിഫോം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സബ്സിഡി, ധനസഹായം എന്നിവ നൽകൽ സംബന്ധമായ മാർഗരേഖ പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് സ്പോർട്സ് യൂണിഫോം വാങ്ങി നൽകാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദമില്ല.

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുണ്ടറ എം.എൽ.എ. യുടെ മണ്ഡല വികസന പദ്ധതിയായ ഇടം പദ്ധതിയുടെ ഭാഗമായി മാതൃകാ പദ്ധതിയായി പഞ്ചായത്ത് ഏറ്റെടുത്ത സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലന പരിപാടിയുടെ ഭാഗമായാണ് സ്കൂൾ വിദ്യാർത്ഥികൾക്ക് സ്പോർട്സ് യൂണിഫോം വാങ്ങി

വിതരണം ചെയ്തതെന്ന് മറുപടി നൽകിയിട്ടുണ്ട്.

പ്രോജക്ടുകൾക്കായി തനതുഫണ്ട് വകയിരുത്തുമ്പോൾ സബ്സിഡി മാർഗരേഖയിലും പദ്ധതി ആസൂത്രണ മാർഗരേഖയിലും പറഞ്ഞ എല്ലാ നിബന്ധനകളും ബാധകമാണെന്ന് സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നതിനാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് സ്പോർട്സ് യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച 23,608/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തടസ്സം തീർപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം. – 25/28.07.2021 .

തടസ്സപ്പെടുത്തുന്ന തുക – 23,608/- രൂപ .

1-25 നിർമ്മാണ പ്രവൃത്തികൾക്ക് ഡിസ്പ്ലേ ബോർഡുകൾ - മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നിർമ്മാണ പ്രവൃത്തികൾ മോണിറ്ററിംഗിനും സോഷ്യൽ ഓഡിറ്റിംഗിനും വിധേയമാക്കുന്നതിനായി പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയ ഡിസ്പ്ലേ ബോർഡുകൾ പ്രവൃത്തി നിർവഹണ വേളയിലും നിർവഹണത്തിനു ശേഷവും പ്രവൃത്തി നടക്കുന്ന സ്ഥലത്ത് സ്ഥാപിക്കണമെന്നും ആയതിനുവേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും വാർഷിക പദ്ധതി തയ്യാറാക്കൽ സംബന്ധമായ 29.01.18ലെ സ.ഉ.(കൈ)നം.11/18/തസ്വഭവ മാർഗരേഖയിൽ വ്യക്തമാക്കിയിരിക്കെ അപ്രകാരമുള്ള ഡിസ്പ്ലേ ബോർഡുകൾക്കായി എസ്റ്റിമേറ്റിൽ തുക വകയിരുത്തുകയോ ബോർഡുകൾ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മാർഗരേഖയിലെ നിർദ്ദേശാനുസരണമുള്ള ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം തന്നെ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ മാർഗരേഖയിൽ നൽകിയിരിയ്ക്കുന്ന നിർദ്ദേശങ്ങൾ പാലിയ്ക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നില്ല - 22,500/- രൂപ നഷ്ടം

ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. (സ്ഥാപനങ്ങൾ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടവയാണ്)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2020-21 |
|---|---|---|
| 1 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, നല്ലില ബ്രാഞ്ച്. | 2,500/-രൂപ |
| 2 | നെടുമ്പന സർവ്വീസ് സഹകരണ ബാങ്ക്, പള്ളിമൺ ബ്രാഞ്ച്. | 2,500/-രൂപ |
| 3 | പഴങ്ങാലം സർവ്വീസ് സഹകരണ ബാങ്ക്, പഴങ്ങാലം മുക്ക് ശാഖ. | 2,500/-രൂപ |
| 4 | ക്ഷീരോത്പാദക സഹകരണ സംഘം, പഴങ്ങാലം. | 2,500/-രൂപ |
| 5 | ക്ഷീരോത്പാദക സഹകരണ സംഘം, നല്ലില. | 2,500/-രൂപ |
| 6 | ക്ഷീരോത്പാദക സഹകരണ സംഘം, പള്ളിമൺ. | 2,500/-രൂപ |
| 7 | ക്ഷീരോത്പാദക സഹകരണ സംഘം, മുട്ടക്കാവ്. | 2,500/-രൂപ |
| 8 | ക്ഷീരോത്പാദക സഹകരണ സംഘം, കുണ്ടുമൺ. | 2,500/-രൂപ |

| | | |
|---|---|---|
| 9 | ക്ഷീരോത്പാദക സഹകരണ സംഘം, മലേവയൽ. | 2,500/-രൂപ |
| | ആകെ | 22,500 /-രൂപ |

സ്ഥാപന തൊഴിൽ നികുതി സ്ഥാപനത്തിന് ബാധകമായ കാലം മുതൽ അടവാക്കേണ്ടതാണ്. ഈടാക്കാത്ത പക്ഷം അവസാന മൂന്ന വർഷത്തെ കുടിശ്ശിക സെക്രട്ടറിയുടെ ബാധ്യതയാകുന്നതാണ്. ഈ വിഷയത്തിൽ സെക്രട്ടറിയുടെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറി-13 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനുപൂരക പോഷകാഹാരം - തുക ഒടുക്കിയെങ്കിലും സപ്ലൈകോയിൽ നിന്നും ശർക്കര ലഭിച്ചില്ല - 3,027/-രൂപ നഷ്ടം

പ്രോജക്ട് നം. – 78/21.

നിർവ്വഹണ ഉദ്യോഗസ്ഥ : എെ.സി.ഡി.എസ്. സൂപ്പർവൈസർ.

വികസന ഫണ്ട് ജനറൽ : 29,76,978/-രൂപ (വകയിരുത്തൽ).

ബിൽ നം. – 5/17.6.20 : 18,27,380/-രൂപ.

ബിൽ നം. – 6/17.6.20 : 6,97,834/-രൂപ.

ബിൽ നം. – 8/24.7.20 : 2,91,592/-രൂപ.

ബിൽ നം. – 9/18.8.20 : 1,60,172/-രൂപ.

കേന്ദ്ര ഫണ്ട് : 23,50,000/-രൂപ (വകയിരുത്തൽ).

ചെക്ക് നം. – 22131/28.12.20 : 23,50,000/-രൂപ.

ബ്ലോക്ക് വിഹിതം : 50,000/-രൂപ (വകയിരുത്തൽ).

ബിൽ നം. – 22/28.1.21 : 50,000/-രൂപ.

ജില്ലാ വിഹിതം : 1,00,000/-രൂപ (വകയിരുത്തൽ).

ബിൽ നം. – 34.3.21 : 1,00,000/-രൂപ

ബിൽ നം. – 5 പ്രകാരം സിവിൽ സപ്ലൈസ് കുളപ്പാടത്തിന് 18,27,380/-രൂപ നൽകിയത് താഴെ പറയുന്ന ഇൻവോയിസുകൾക്കാണ്.

| ഇൻവോയിസുകൾ/തീയതി | തുക (₹) |
|---|---|
| 19464/15.2.20 | 8,22,732.00 |
| 19468/26.2.20 | 3,027.00 |
| 20153/30.5.20 | 10,01,621.00 |
| ആകെ | 18,27,380.00 |

19468/26-ാം നം ഇൻവോയിസിൽ 3,027.00 രൂപ നൽകിയിരിക്കുന്നത് 42 കിലോഗ്രാം ശർക്കര വിതരണം ചെയ്യുന്നതിനാണ്. മെയിൻ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ 42 കിലോഗ്രാം ശർക്കര സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അംഗനവാടികളിലെ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും 26.02.20 തീയതിയിൽ ശർക്കര ലഭിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ അംഗനവാടികളിലെ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ

പരിശോധിച്ച് രേഖകൾ ഹാജരാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അംഗനവാടികളിലെ ഫുഡ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ 42 കിലോഗ്രാം ശർക്കര ലഭിച്ചില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 42 കിലോഗ്രാം ശർക്കരയ്ക്ക് ചെലവഴിച്ച 3,027/- രൂപ തിരികെ ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 20/26/07/21.
നിരാകരിക്കുന്ന തുക : 3,027/-രൂപ .

3-2 ബാലസഭ നടത്തിപ്പ് - സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

ബാലസഭ നടത്തിപ്പ് പ്രവർത്തനങ്ങൾക്കായി സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിച്ചു.

| നിർവഹണോ-ദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് | |
|---|---|---|
| പദ്ധതി, നം | 2019-20<br>ബാലസഭ ബാലപഞ്ചായത്ത് ശക്തിപ്പെടുത്തൽ (164/21)SO | 2020-21<br>ബാലസഭ ബാലപഞ്ചായത്ത് ശക്തിപ്പെടുത്തൽ (42/21) |
| അടങ്കൽ തുക | 1,00,000/-രൂപ (വികസന ഫണ്ട്) | 1,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 85,636/-രൂപ (2/5.2.21) | 87,200/-രൂപ (7/28.3.21) |

2019-20, 2020-21 വർഷങ്ങളിൽ ബാലസഭ നടത്തിപ്പ് പ്രവർത്തനങ്ങൾക്കായി യഥാക്രമം 85,636/-രൂപ, 87,200/-രൂപ വീതം 2020-21 വർഷം ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ, തീയതി 14.2.2018 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് തല പ്രവർത്തനത്തിന് 40,000/-രൂപയിൽ അധികരിക്കാതെയും, വാർഡുതല പ്രവർത്തനത്തിന് വാർഡ് ഒന്നിന് 1,000/-രൂപ നിരക്കിൽ ചെലവഴിക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം ചെലവഴിച്ചിരുന്നുവെങ്കിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കേണ്ട പരമാവധി തുക 63,000/-രൂപയാണ് (40,000+23x1,000=63,000). എന്നാൽ ഇവിടെ 2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം 85,636/-, 87,200/-രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളതിൽ അധികച്ചെലവ് നടത്തിയതിനുള്ള കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ടെങ്കിലും, നിലവിലെ ഉത്തരവിലധികമായി ചെലവഴിച്ചതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 46,836/-(85,636-63,000+87,200-63,000) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി യഥാഫണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/19.07.2021 .
നിരാകരിച്ച തുക – 46,836/-രൂപ .

3-3 നൂതനപ്രോജക്റ്റിലൂടെ പ്രയോജനക്ഷമമല്ലാത്ത പ്രവർത്തനങ്ങൾ-ലക്ഷങ്ങൾ മുടക്കി സ്ഥാപിച്ച കാലാവസ്ഥാനിരീക്ഷണ സംവിധാനത്തിൽ നിന്നും യാതൊരു വിവരങ്ങളും ലഭിച്ചില്ല.

കാലാവസ്ഥ വ്യതിയാനവും ഇതര പാരിസ്ഥിതിക പ്രശ്നങ്ങളും കാർഷിക മൃഗസംരക്ഷണ മേഖലകളെ എപ്രകാരം ബാധിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് പരിഹാര നിർദ്ദേശങ്ങൾ നൽകുക, വെള്ളപ്പൊക്ക ലഘൂകരണ ഇടപെടലുകളും നദീതട പുനസ്ഥാപനവും ഭൂഗർഭ ജലനിരപ്പ് നിർണയവും സാദ്ധ്യമാക്കുക, കാലാവസ്ഥ ബോധവത്ക്കരണം സാദ്ധ്യമാക്കുക, കാർബൺ ശേഖരം തിട്ടപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സെക്രട്ടറി നിർവഹണം നടത്തിയ 'ഇടം അതിജീവനം - വിഷൻ മിഷൻ 2030' എന്ന നൂതന പ്രോജക്ടിന്റെ ഭാഗമായി കാലാവസ്ഥ നിരീക്ഷണത്തിനുള്ള ഉപകരണ സംവിധാനങ്ങൾ നെടുമ്പന ഗവ. ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിൽ സ്ഥാപിച്ചുവെങ്കിലും കാലാവസ്ഥ സംബന്ധമായ വിവരങ്ങൾ നൽകുന്ന അടിസ്ഥാന സ്രോതസ് എന്ന നിലയിലുള്ള യാതൊന്നും പ്രസ്തുത സംവിധാനത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഉപകരണ സംവിധാനത്തിന്റെ സാങ്കേതിക പൂർണതയോ, പ്രോജക്ട് ലക്ഷ്യങ്ങൾക്കിണങ്ങും വിധമുള്ള വിവരദായകശേഷിയോ ഇപ്രകാരം സ്ഥാപിച്ച സാങ്കേതിക സംവിധാനങ്ങൾക്കുണ്ടെന്ന് ഉറപ്പു വരുത്താൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. നൂതന പ്രോജക്ടിലെ ഘടകമെന്ന നിലയിൽ അംഗീകാരം നേടി ഉപകരണ സംവിധാനങ്ങൾ സ്ഥാപിച്ചു എന്നതിലുപരിയായി പ്രയോഗതലത്തിൽ യാതൊരു ലക്ഷ്യപ്രാപ്തിയും കൈവരിക്കുവാൻ കഴിയാത്ത സ്ഥിതിയിലാണ് ഇപ്പോൾ പ്രസ്തുത ഉപകരണ സംവിധാനം നിലകൊള്ളുന്നത് .

'ഇടം അതിജീവനം - വിഷൻ മിഷൻ 2030' എന്ന പദ്ധതിക്കായി പ്രോ. നം. 160/21 പ്രകാരം 12 ലക്ഷം രൂപയും പ്രോ.നം. 37/21 പ്രകാരം 43,900/- രൂപയും തനതുഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നം.പേര് | ചെലവിനം | തുക (രൂപ) | ചെക്ക് നം. തീയതി |
|---|---|---|---|
| 160/21 ഇടം അതിജീവനം - വിഷൻ മിഷൻ 2030 | കാലാവസ്ഥ നിരീക്ഷണകേന്ദ്രം സ്ഥാപിക്കൽ | 10,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 5,00,000/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 2,00,000/-രൂപയും തനതുഫണ്ടിൽ നിക്ഷേപിച്ചത് ഉൾപ്പെടെ) | 01213/ 18.06.20 |
| | ഡയറികൾ പ്രിന്റ് ചെയ്യൽ | 1,08,900/- | 599266/ 12.11.20 |
| | ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യൽ | 1,41,100/- (പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഗുണഭോക്തൃവിഹിതം – 50,000/-രൂപ ഉൾപ്പെടെ) | 570930/ 27.03.21 |
| 37/21 ഇടം അതിജീവനം - വിഷൻ മിഷൻ 2030 | ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യൽ | 43,900/- | |

കുടുംബ കമ്മിറ്റികളുടെയും വാർഡ് കമ്മിറ്റികളുടെയും, പഞ്ചായത്ത് തല കമ്മിറ്റിയുടെയും രൂപീകരണം, ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിക്കൽ, കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷിരീതികളും മണ്ണ് സംരക്ഷണവും മഴ വെള്ള സംഭരണവും സാമൂഹ്യ വനവത്ക്കരണവും നടപ്പിലാക്കൽ തുടങ്ങി പാരിസ്ഥിതിക പ്രത്യാഘതങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും കാർബൺ സന്തുലിതാവസ്ഥയിലേക്ക് പഞ്ചായത്ത് പ്രദേശത്തെ എത്തിക്കുവാനും അനുയോജ്യമായതും ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവഹിക്കാവുന്നതും പ്രസക്തവുമായ കർമപദ്ധതികൾ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ Local Action Plan On Climate Change എന്ന നയരേഖയുടെ തുടർച്ചയായി കേരള കാർഷിക സർവ്വകലാശാല (KAU) യുടെ Academy Of Climate Change Education And Research (ACCER) തയ്യാറാക്കിയ Climate Resilient Panchayat At Nedumpana Kollam എന്ന പദ്ധതി രേഖയെ ആധാരമാക്കിയാണ് ഇടം അതിജീവനം എന്ന പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്.

ഗ്രാമപഞ്ചായത്തും കേരള കാർഷിക സർവ്വകലാശാലയും തമ്മിൽ 16.06.2020 ൽ ഒപ്പുവച്ച MoU വിനെത്തുടർന്ന് 10 ലക്ഷം രൂപ കാർഷിക സർവകലാശാലയിൽ ഒടുക്കി കാലാവസ്ഥ നിരീക്ഷണകേന്ദ്രം (ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ-AWS) സ്ഥാപിച്ചുവെങ്കിലും ആയത് സ്ഥാപിക്കുന്നതിലൂടെ ലഭ്യമാകേണ്ട പ്രയോജനങ്ങളായി ACCER ന്റെ പദ്ധതി രേഖയിൽത്തന്നെ വ്യക്തമാക്കിയിരിക്കുന്ന ജനങ്ങൾക്ക് കാലാവസ്ഥ സംബന്ധമായ കാലിക വിവരങ്ങൾ ലഭ്യമാക്കൽ, ദിവസേനയുള്ള കാലാവസ്ഥ റിപ്പോർട്ട് നൽകൽ, വിളപരിപാലനത്തിന് സഹായകമായ കാലാവസ്ഥാ വിവരങ്ങൾ നൽകൽ, കാലാവസ്ഥാ വ്യതിയാനം സംബന്ധമായ വിവരങ്ങൾ മത്സ്യമേഖലയ്ക്ക് നൽകൽ, കാലാവസ്ഥയിലെ അതിതീവ്ര വ്യതിയാനങ്ങൾ SMS അലർട്ടിലൂടെ അറിയിക്കൽ എന്നിങ്ങനെയുള്ള യാതൊരു പ്രവർത്തനങ്ങളും നാളിതുവരെ നടന്നതായി വ്യക്തമാക്കുന്ന രേഖകളില്ല.

AWSൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്തി പഞ്ചായത്ത് എന്ന സ്ഥാപനത്തിനോ തദ്ദേശീയർക്കോ ലഭ്യമാക്കിയിട്ടുള്ളതായോ വരുംകാല പദ്ധതി രൂപീകരണത്തിന് ആധാരമാക്കാവുന്ന വിധത്തിൽ സൂക്ഷിച്ചിട്ടുള്ളതായോ വ്യക്തമാക്കുന്ന രേഖകളില്ല. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും, ജില്ലാ പഞ്ചായത്തിന്റെയും വിവിധ വകുപ്പുകളുടെയും ഫണ്ടുകൾ കൂടി ഉൾപ്പെടുത്തി വിപുലമായി പരിപാടി സംഘടിപ്പിക്കുന്നതാണെന്ന് പ്രസിഡന്റ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് നൂതന പദ്ധതിയായി അംഗീകരിച്ചത്. ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി യഥാക്രമം 5,00,000/-രൂപയും 2,00,000/-രൂപയും ലഭിച്ചിട്ടുണ്ട്.

പാരിസ്ഥിതികവും കാലാവസ്ഥാപരവുമായ ബോധവൽക്കരണം നൽകുന്നതിലേക്ക് സാധാരണ ജനങ്ങൾക്ക് വിശിഷ്യാ വിദ്യാർത്ഥികൾക്ക് വേണ്ടി കാലാവസ്ഥാ മാറ്റങ്ങൾ നമ്മുടെ സാമൂഹ്യ സാമ്പത്തിക ആരോഗ്യ മേഖലകളെ എപ്രകാരം ബാധിക്കുന്നുവെന്ന് വ്യക്തമാക്കുന്ന കൈപ്പുസ്തകങ്ങൾ ലളിതമായ ഭാഷയിൽ തയ്യാറാക്കണമെന്നും ആയത് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കണമെന്നും ACCER ന്റെ പ്രോജക്ടിൽ നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത ലക്ഷ്യവുമായി യാതൊരു തരത്തിലും ഇണങ്ങാത്തതും ദിനേനയുള്ള ഡയറിയെഴുത്തിന് ഉതകുന്നതും ചില പ്രധാന ദിനങ്ങളെക്കുറിച്ച് ലഘു സൂചനകൾ നൽകുന്നതുമായ ഡയറികൾ പ്രിന്റ് ചെയ്യുന്നതിനായി 1,08,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഡയറികൾ വിതരണം ചെയ്തതായോ ഏതെങ്കിലും തരത്തിൽ കുട്ടികൾ ഉപയോഗപ്പെടുത്തിയതായോ വ്യക്തമാക്കുന്ന യാതൊരു രേഖകളുമില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

Local Action Plan On Climate Change എന്ന നയരേഖയിൽ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക്

പരിഹാരം കണ്ടെത്തുവാനും കാർബൺ സന്തുലിതാവസ്ഥയിലേക്ക് പഞ്ചായത്ത് പ്രദേശത്തെ എത്തിക്കുവാനും അനുയോജ്യമായതും ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവഹിക്കാവുന്നതും പ്രസക്തവുമായ കർമപദ്ധതികളും പ്രവർത്തനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങളിൽ ഭൂരിപക്ഷവും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ സഹായകമായ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പദ്ധതി ആസൂത്രണ സബ്സിഡി മാർഗരേഖകളിൽ നിലവിലുണ്ട്. നയരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികളുടെ നിർവഹണത്തിന് സാങ്കേതികജ്ഞാനമുള്ള ഉദ്യോഗസ്ഥ സംവിധാനവും ഗ്രാമസഭ അടക്കമുള്ള ഭരണ സംവിധാനവും ഉണ്ടായിരിക്കെ AWS സ്ഥാപിച്ചതിന്റെ അനിവാര്യതയോ AWS സ്ഥാപിക്കലും വിവരശേഖരണവും ഒഴികെ കർമപദ്ധതിയിൽ ഉൾച്ചേർന്നിരിക്കുന്ന ഇതര വിഷയങ്ങൾക്കായി പദ്ധതി രേഖ തയ്യാറാക്കലും തുടർപ്രവർത്തനങ്ങളും ACCERന്റെ പങ്കാളിത്തത്തോടെ നിർവഹിക്കുന്നതിന്റെ കാരണമോ വ്യക്തമല്ല.

Indian Meteriological Department കേരളത്തിൽ 100 AWS സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും, ആദ്യഘട്ടമായി 15 AWS സ്ഥാപിച്ച വിവരങ്ങൾ ഏതൊരാൾക്കും ലഭിക്കുന്നതിന് Network Connectivity നൽകിയിട്ടുമുണ്ട്. AWS സ്ഥാപിച്ചതിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ മറ്റൊരു വിദഗ്ധന്റെയും സഹായമില്ലാതെ മൊബൈൽ ഫോണുകളിലൂടെ ലഭ്യമാകുന്നതിന് നിലവിൽ സംവിധാനമുണ്ടായിരിക്കെ, ഇത്തരമൊരു പദ്ധതിയ്ക്കായി തുക ചെലവഴിക്കുകയും, വിദഗ്ധരുടെ സേവനത്തിനായി ആവർത്തനച്ചെലവ് വഹിക്കേണ്ടി വരുന്നതും ഒഴിവാക്കേണ്ടതാണ്. Skynet, IBM Weather Company, Earth Network Windly തുടങ്ങിയ സ്വകാര്യ കമ്പനികളുടെ AWS-ൽ നിന്നുള്ള സേവനം കൂടി ലഭ്യമാക്കിയാണ് നിലവിൽ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അവരുടെ Dashboard ൽ കൂടി Weather Updates ലഭ്യമാക്കുന്നത്. ഗവൺമെന്റ് മേഖലയിൽ തന്നെ ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും അത് ഏവർക്കും പ്രാപ്യമാകുകയും ചെയ്യുമ്പോഴാണ് ഇത്തരമൊരു പദ്ധതി നൂതന പദ്ധതിയായി നടപ്പിലാക്കിയത്.

മേൽ സൂചന ഓഡിറ്റ് നിരീക്ഷണങ്ങളേയും കാർബൺ സന്തുലിതാവസ്ഥയും ഊർജ സംരക്ഷണവും ലക്ഷ്യമാക്കി പഞ്ചായത്ത് നടത്തിയ ഇതര പ്രവർത്തനങ്ങളേയും സാധൂകരിക്കുന്ന രേഖകൾ സഹിതമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന വർക്കിംഗ് ഗ്രൂപ്പുമായി ബന്ധപ്പെട്ട് ജില്ലാ ആസൂത്രണ സമിതി കില, ACCER തുടങ്ങിയവയുടെ പ്രതിനിധികൾ കൂടി പങ്കെടുത്ത കൂടിയാലോചനകളുടെ തുടർച്ചയായി രൂപീകരിക്കപ്പെട്ട Local Action Plan On Climate Change എന്ന രേഖയെ ആധാരമാക്കി തുടർ പദ്ധതിയായി നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് ഏറ്റെടുത്ത പദ്ധതിയാണിത്. ഇപ്രകാരം ഒരു പദ്ധതി ഏതെങ്കിലും തദ്ദേശസ്ഥാപനം ഏറ്റെടുത്ത് പൂർത്തീകരിച്ച മാതൃക നിലവില്ലാത്തതിനാൽ അതിന്റേതായ കുറവുകളും പരിമിതികളും ആദ്യ പദ്ധതി എന്ന നിലയിൽ ഏകോപനത്തിൽ സംഭവിച്ചിട്ടുണ്ട്.

2. കാലാവസ്ഥ വ്യതിയാനം വിവിധ മേഖലകളിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും ആയതിന് എടുക്കേണ്ട മുൻകരുതലുകളും മനസിലാക്കുന്നതിനും വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നതിനുമാണ് ACCER ന്റെ സാങ്കേതിക സഹായം ആവശ്യമായി വരുന്നത്. അതിന്റെ ആദ്യ പടിയായി AWS സ്ഥാപിക്കുകയും AWSൽ നിന്നുള്ള സിഗ്നൽ യഥാസമയം ACCERൽ ലഭ്യമാവുകയും ഈ ഡാറ്റ പ്രോസസ് ചെയ്ത് കാലാവസ്ഥാ വിവരങ്ങൾ പഞ്ചായത്തിന് കൈമാറുകയുമാണ് ചെയ്യേണ്ടതെങ്കിലും ടെലികമ്യൂണിക്കേഷൻ തകരാറ് മൂലം ആയത് സാധ്യമായിട്ടില്ല. സേവന ദാതാവിനെ മാറ്റി പ്രശ്നം പരിഹരിക്കുമെന്നും സംവിധാനം പൂർണമായി പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ ലക്ഷ്യം കൈവരിക്കുവാൻ കഴിയുകയുള്ളുവെന്നും ആയത് അടിയന്തിരമായി

പൂർത്തിയാക്കുമെന്നും ACCER പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

3. പ്രോജക്ടിന്റെ ഭാഗമായി അച്ചടിച്ച ഡയറികൾ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലും പുറമേയുള്ള സ്കൂളുകളിലും പഠിക്കുന്ന തദ്ദേശിയരായ വിദ്യാർത്ഥികൾക്ക് യഥാക്രമം പ്രഥമാദ്ധ്യാപകരും സി.ഡി.എസും മുഖേന വിതരണം ചെയ്തിട്ടുണ്ട്. 2021 മേയ് മാസം വരെയുള്ള രേഖപ്പെടുത്തൽ വരുത്താൻ കഴിയുന്ന ഡയറി എഴുതുന്നത് സംബന്ധിച്ച മാർഗരേഖ ഡയറിയിൽ തന്നെ പ്രതിപാദിക്കുകയും സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും ഡയറി പരിശോധിക്കുന്നതിന് തീരുമാനിക്കികയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ പൂർത്തിയായെങ്കിൽ മാത്രമേ ഇതിന്റെ ഫീഡ്ബാക്ക് ലഭ്യമാവുകയുള്ളൂ.

4. കാർബൺ സന്തുലിതാവസ്ഥയിലേക്ക് പഞ്ചായത്തിനെ എത്തിക്കുന്നതിന് കാർബൺ എമിഷനും അബ്സോർബ്ഷനും കണ്ടെത്തുന്നതിന് സർവ്വേ നടത്തേണ്ടതുണ്ട്. സമാന പദ്ധതി ഏറ്റെടുത്തിട്ടുള്ള രണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സർവേ നടത്തുന്നത് ACCER ആണ്. ACCERൽ Climate Change Adaptation എന്ന കോഴ്സിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കുന്നവർക്ക് കാലാവസ്ഥ വ്യതിയാനം നേരിട്ട് ബാധിക്കുന്ന കൃഷി മൃഗസംരക്ഷണം മുതലായ മേഖലകളിൽ കൃഷി ഓഫീസർ, വെറ്ററിനറി സർജൻ തുടങ്ങിയവർക്ക് ലഭിക്കുന്നതിനേക്കാൾ അറിവുണ്ട്. ഇതെല്ലാം പരിഗണിച്ചാണ് ACCER മായി കരാറിൽ ഏർപ്പെട്ടത്.

5. ഊർജ സംരക്ഷണവും കാർബൺ സന്തുലിതാവസ്ഥയും ലക്ഷ്യമാക്കി പഞ്ചായത്തിലെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും നാഷണൽ റർബൺ മിഷനിൽ ഉൾപ്പെടുത്തി സോളാർ പാനൽ സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. തെരുവു വിളക്കുകളിലെ സാധാ ബൾബുകളും സി.എഫ്.എൽ. ബൾബുകളും പൂർണമായി ഒഴിവാക്കി 2100 എൽ.ഇ.ഡി. തെരുവു വിളക്കുകൾ നാഷണൽ റർബൺ മിഷനിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു വരുന്നുണ്ട്.

6. ACCER ലെ വിദഗ്ധർ 2020 ജൂലൈ മാസത്തിൽ ആരംഭിച്ച സർവ്വേ, കോവിഡ് സാഹചര്യത്തിൽ മുടങ്ങിയെങ്കിലും നിലവിൽ 17 വാർഡുകളിലെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ വാർഡുകളിലെയും സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിനെ കാർബൺ സന്തുലിതം ആക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) നൽകുന്നതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ച ശേഷം മാത്രമേ പൂർണ തോതിൽ പ്രോജക്ടിന്റെ ഫീഡ് ബാക്ക് ലഭിക്കുകയുള്ളൂ.

MoU പ്രകാരമുള്ള കരാർ കാലാവധി കഴിഞ്ഞുവെങ്കിലും ACCER സമർപ്പിച്ച Climate Reslient Panchayat At Nedumpana Kollam എന്ന രേഖയിൽ വ്യക്തമാക്കും പ്രകാരമുള്ള യാതൊരു ഫലങ്ങളും AWS ൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും കാർബൺ ശേഖരം തിട്ടപ്പെടുത്തുകയോ കാർബൺ സന്തുലിതം ലക്ഷ്യമാക്കിയുള്ള DPR തയ്യാറാക്കുകയോ ചെയ്തിട്ടില്ലായെന്നും അച്ചടിച്ച ഡയറികൾ ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ നിലവിൽ ലഭ്യമല്ലായെന്നും പഞ്ചായത്ത് നൽകിയ മറുപടിയിൽനിന്നും വ്യക്തമാവുന്നു.

ഉപകരണ സംവിധാനത്തിൽ നിന്ന് വിവരങ്ങൾ ലഭ്യമാകാത്തത് സംബന്ധമായി പഞ്ചായത്ത് ACCER ൽ നിന്ന് വിശദീകരണം തേടിയതായോ വിശദീകരണത്തിന്മേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചതായോ വ്യക്തമാക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

AWS സ്ഥാപിക്കുന്നതിന് തുക നൽകുക എന്നതിലുപരിയായി AWS നിന്നുള്ള വിവരശേഖരണത്തിനോ നൂതന പദ്ധതിയിലെ ഇതര ഘടകങ്ങൾക്ക് പ്രസ്തുത വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ നാളിതുവരെയായി യാതൊരു നടപടിയും സ്വീകരിക്കാതെ വിവര വിനിമയത്തിലെ തടസങ്ങൾ സംബന്ധമായ ACCER ന്റെ മറുപടി മുഖവിലയ്ക്കെടുക്കുകയും AWS ൽ

നിന്ന് യാതൊരു വിവരങ്ങളും ലഭ്യമാക്കുവാൻ ACCER ന് കഴിയുന്നില്ലെന്ന് ബോദ്ധ്യമായിട്ടും പ്രോജക്ടിലെ മറ്റൊരു ഘടകമായ കാർബൺ ശേഖരം തിട്ടപ്പെടുത്തലിനുള്ള സർവ്വേ നടപടികൾ ACCER മേൽനോട്ടത്തിൽ നിർവഹിക്കാൻ അനുവദിക്കുകയും ചെയ്ത പഞ്ചായത്തിന്റെ നടപടി നൂതന പ്രോജക്ട് നിർവഹണത്തിൽ ഭരണ നിർവഹണാധികാരികളുടെ അനാസ്ഥ വ്യക്തമാക്കുന്നു. അക്കാരണത്താൽ തന്നെ പൂർവ്വ മാതൃകകൾ നിലവിലില്ലാത്തതിനാൽ പദ്ധതി നിർവഹണത്തിൽ അതിന്റേതായ കുറവുകളും പരിമിതികളും സംഭവിച്ചിട്ടുണ്ട് എന്ന മറുപടി അംഗീകരിക്കത്തക്കതല്ല.

അന്തരീക്ഷതാപനില, മർദ്ദം, ആർദ്രത, സൗരവികിരണത്തോത്, മഴയുടെ അളവ്, കാറ്റിന്റെ ഗതി എന്നിവ കണ്ടെത്തുന്നതിനുള്ള ഉപകരണ സംവിധാനമാണ് AWSൽ ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത കാലാവസ്ഥാ ഘടകങ്ങളിൽ ഏറ്റവും ശാസ്ത്രീയമായ കാലിക വിവരങ്ങളും പ്രവചനങ്ങളും ഏവർക്കും പ്രാപ്യമാവും വിധത്തിൽ പൊതുമണ്ഡലത്തിൽ ലഭ്യമായിരിക്കെ നിയമപരമായി പഞ്ചായത്തിന് നിയന്ത്രണാധികാരമോ നടത്തിപ്പ് ചുമതലയോ ഇല്ലാത്തതും പദ്ധതികളുടെ രൂപീകരണത്തിനോ നിർവഹണത്തിനോ കാർബൺ സന്തുലിത പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനോ അനിവാര്യമല്ലാത്തതുമായ കാലാവസ്ഥ നിരീക്ഷണകേന്ദ്രം സ്ഥാപിച്ചതിന്റെ കാരണം വ്യക്തമല്ല.

കാർബൺ ശേഖരം തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വേ പൂർത്തിയാക്കി നൽകുന്ന DPRനെ ആധാരമാക്കി നടത്തുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ശേഷം മാത്രമേ പ്രോജക്ടിന്റെ ഫീഡ്ബാക്ക് അതായത് പഞ്ചായത്ത് കാർബൺ സന്തുലിതമായോ എന്ന് നിർണയിക്കാനാവുകയുള്ളൂവെന്ന് പഞ്ചായത്ത് നൽകിയ മറുപടിയിൽ നിന്ന് വ്യക്തമാവുന്നു. ആയത് തിട്ടപ്പെടുത്തുന്നതിനുള്ള രീതി ശാസ്ത്രമോ, ചെലവോ, കാലയളവോ അംഗീകാരം നേടിയ നൂതന പദ്ധതിയിൽ വ്യക്തമല്ല.

ഡയറികൾ വിതരണം ചെയ്തുവെന്നതിനെ സാധൂകരിക്കുന്ന യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അംഗീകാരം നേടിയ നൂതന പ്രോജക്ടിൽ ഒരു പ്രവർത്തന ഘടകമായി ഡയറി അച്ചടിച്ച് വിതരണം ചെയ്യലും ഡയറിയെഴുത്തും ഉൾപ്പെടുത്തിയിട്ടുമില്ല.

കേരള കാർഷിക സർവ്വകലാശാലയുടെ 9.3.20-ലെ ACCER/GL-1/477/19 നമ്പർ കത്ത് പ്രകാരം AWS സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും പ്രോജക്ട് ഫെലോസിന് ഒരു വർഷത്തെ പ്രതിഫലം നൽകുന്നതിന് 7.2 ലക്ഷം രൂപയും ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ 6 ലക്ഷം രൂപയും ഓവർ ഹെഡ് ചാർജായി 1.8 ലക്ഷം രൂപയുമുൾപ്പെടെ 25 ലക്ഷം രൂപയുടെ ബജറ്റാണ് സമർപ്പിച്ചിരിക്കുന്നത്.

ബജറ്റ് തുക ഉയർത്തണമെന്നും പ്രോജക്ട് കാലാവധി ദീർഘിപ്പിക്കണമെന്നും ഏജൻസി (ACCER )കണ്ടെത്തുന്ന പക്ഷം പഞ്ചായത്ത് അംഗീകാരത്തോടെ അപ്രകാരം ചെയ്യാമെന്നും ഒരു വർഷ കാലാവധിയുള്ള പ്രോജക്ടിന്റെ പൂർത്തീകരണ ശേഷം കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ പരിപാലനത്തിനും ലഭ്യമാകുന്ന ഡാറ്റകളുടെ വിലയിരുത്തലിനും കൈമാറലിനുമായി റിസോഴ്സ് പേഴ്സൺമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് KAU സഹായം നൽകുമെന്നും അവരുടെ പ്രതിഫലം ACCER മുഖേന പഞ്ചായത്ത് നൽകണമെന്നും MoU വിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

നാളിതുവരെ യാതൊരു ഫലങ്ങളും നൽകാത്തതും, നിലനിൽക്കുന്നിടത്തോളം കാലം പഞ്ചായത്തിന് പ്രതിവർഷം ലക്ഷങ്ങളുടെ ആവർത്തനച്ചെലവിന് ഇടയാക്കുന്നതും, പഞ്ചായത്തിന്റെ അനിവാര്യമായതോ പൊതുവായതോ മേഖലപരമയതോ ആയ ചുമതലകളുടെ നിർവഹണത്തിനോ, നൂതന പ്രോജക്ടിലൂടെ നിർവഹിക്കുവാൻ ലക്ഷ്യമിട്ട പദ്ധതികളുടെ രൂപീകരണത്തിനോ, നിർവഹണത്തിനോ, കാർബൺ ശേഖരം തിട്ടപ്പെടുത്തുന്നതിനോ, കാർബൺ സന്തുലിത പഞ്ചായത്ത് എന്ന ലക്ഷ്യം നേടുന്നതിനോ അനിവാര്യമല്ലാത്തതുമായ ഉപകരണ സംവിധാനമാണ് ACCER മുഖേന സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും ആയതിന്റെ സ്ഥാപിക്കലും തുടർ

പരിപാലനവും സാമ്പത്തിക സാങ്കേതിക പ്രായോഗിക ക്ഷമതയുള്ളതല്ലെന്നും വ്യക്തമാകുന്നതിനാൽ ആയതിനായി ചെലവഴിച്ച 10,00,000/-രൂപ തടസ്സപ്പെടുത്തുകയും പ്രോജക്റ്റ് ലക്ഷ്യങ്ങളുമായി യോജിക്കാത്തതും വിതരണ രേഖകൾ ഇല്ലാത്തതുമായ ഡയറി പ്രിന്റിംഗിനായി ചെലവഴിച്ച 1,08,900/-രൂപയുടെ ചെലവ് നിരാകരിക്കുകയും ചെയ്യുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഏജൻസികൾ മുഖേന വിനിയോഗിച്ചുള്ള പഠനമോ വിവരശേഖരണമോ ഇല്ലാതെതന്നെ ദേശീയ സംസ്ഥാന നയങ്ങളുടെ ഭാഗമായി വിവിധ മിഷനുകളിലൂടെ ഊർജ സംരംക്ഷണവും കാർബൺ സന്തുലിതാവസ്ഥയും ലക്ഷ്യമാക്കി സോളാർ പാനലുകളും എൽ ഇ ഡി വിളക്കുകളും സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കപ്പെടുന്നു എന്നത് ഗ്രാമപഞ്ചായത്തിനെ റർബൺ മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യക്തമാവുന്നു.

കാർബൺ സന്തുലനം ലക്ഷ്യമാക്കി നടപ്പിലാക്കാവുന്നതും സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതുമായ പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കൽ, സ്കൂൾ വളപ്പിൽ വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ, കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം തുടങ്ങിയ ഇനങ്ങളിൽപ്പെടുന്ന ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ കൃഷി ഓഫീസറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും മുഖേനയും കാവുകളുടെ സംരക്ഷണാർത്ഥമുള്ള പ്രോജക്ടുകൾ അസിസ്റ്റന്റ് എൻജിനീയർ മുഖേനയും നിർവഹിച്ചിട്ടുമുണ്ട്.

മലയോരത്തുള്ളതും സമുദ്രതീരത്തുള്ളതും പുഴകൾ ഒഴുകുന്നതുമായ ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് പാരിസ്ഥിതികാഘാത സാദ്ധ്യത താരതമ്യേന കുറവാകാനിടയുള്ള നെടുമ്പന ഗ്രാമ പഞ്ചായത്തിനെ കാർബൺ സന്തുലിതമാക്കുക എന്ന ലക്ഷ്യം നേടുന്നതിലേക്കും കാർബൺ സന്തുലിതമായി നിലനിർത്തുന്നതിലേക്കും ഉതകുന്ന പദ്ധതികൾ AWS ൽ നിന്നുള്ള വിവരങ്ങളോ ACCER ന്റെ പിന്തുണാസംവിധാനമോ ഇല്ലാതെ തന്നെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾക്ക് അനിവാര്യമല്ലാത്ത AWS പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥാപിച്ച നടപടി ഭരണസമിതി പുനരവലോകനം ചെയ്യേണ്ടതാണ്.

നൂതന പ്രോജക്ട് ACCER ന് പഠന ഗവേഷണങ്ങൾക്കുള്ള വിവര ശേഖരണ ഉപാധി മാത്രമായി മാറിയ സാഹചര്യം വിലയിരുത്തി AWSന്റെ പരിപാലനച്ചുമതല ഡാറ്റയിൽ സംയുക്താവകാശമുള്ള ACCER ഏറ്റെടുക്കുന്നതിനും പഞ്ചായത്ത് നിലവിൽ ചെലവഴിച്ച തുകയുടെ പ്രയോജനം ലഭിക്കുന്ന വിധത്തിൽ കാലാവസ്ഥപരമായ വിവരങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കുന്നതിനും ACCER ന്റെ പങ്കാളിത്തത്തോടെയുള്ള പ്രോജക്ട് നിർവഹണത്തിന് കാലപരിധി നിശ്ചയിക്കുന്നതിനും ആവർത്തനച്ചെലവ് പൂർണമായും ഒഴിവാക്കുന്നതിനും സേവനം നൽകാത്ത പക്ഷം ACCER ൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും ഉതകുന്ന വിധത്തിൽ പഞ്ചായത്തിന് അനുഗുണമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിൽ ഏർപ്പെടുന്നതിന് ഭരണനിർവഹണാധികാരികൾ നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പ്രസ്താവിത കാരണങ്ങളാൽ AWS സ്ഥാപിച്ചതിന് ചെലവഴിച്ച 10,00,000/-രൂപ തടസ്സപ്പെടുത്തുകയും, ലഘുകൈപ്പുസ്തകത്തിനു പകരം പദ്ധതിയിലുൾപ്പെടാത്ത ഡയറി വാങ്ങിയതിന് ചെലവ് ചെയ്ത 1,08,900/-രൂപ നിർവ്വഹണോദ്യാഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തുന്നതിനും നിർദ്ദേശിക്കുന്നതോടൊപ്പം തുടർ ആവർത്തനച്ചെലവുകൾ പൂർണ്ണമായും ഒഴിവാക്കി മാത്രം പ്രവർത്തനം തുടരുന്നതിനും, ACCER കരാർ വ്യവസ്ഥകൾ ലംഘിച്ചതിനാൽ നിയമനടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

എൻക്വയറി നം. – 23/28.7.2021 .
തടസ്സപ്പെടുത്തുന്ന തുക – 11,08,900/-രൂപ .
നിരാകരണം – 1,08,900/-രൂപ

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12-07-2021 മുതൽ 13-07-2021 വരെ | കെ.എസ്.എ.കെ.എൽ.എം.പി7/1156/2021 തീയതി - 22/03/2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 7,52,250/- | നെൽകൃഷി വികസനം | 4,25,000/- | 3,27,250/- |
| | | 52,60,000/- | ലൈഫ് പദ്ധതി (എസ്.സി.പി) | 40,17,406/- | 12,42,594/- |
| | | 5,00,000/- | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000/- | 2,50,000/- |
| | | 2,98,432/- | പൂരകപോഷകാഹാരം | 2,98,432/- | 0 |
| | | 36,89,813/- | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ | 36,89,813/- | 0 |
| | | 6,75,000/- | ഭൂമി വാങ്ങൽ (SC) | 6,75,000/- | 0 |
| | | 3,05,460/- | ബയോബിൻ | 3,05,460/- | 0 |
| | | 2,00,000/- | ഇടം അതിജീവനം | 20,00,000/- | |
| | | 4,27,400/- | ODF | 2,59,400/- | 1,68,000/- |
| | | 5,00,000/- | അങ്കണവാടി കെട്ടിട നിർമ്മാണം | 5,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് കൊല്ലം | 2020-21 | 36,89,313/- | ലൈഫ് പദ്ധതി ഭൂമി വാങ്ങൽ | 36,89,313/- | 0 |
| | | 5,51,862/- | റോഡ് നവീകരണം | 5,51,862/- | 0 |
| | | 91,847/- | പാലിന് സബ്സിഡി | 91,847/- | 0 |
| | | 10,55,499/- | അങ്കണവാടി കെട്ടിട നിർമ്മാണം | 10,55,499/- | 0 |
| | | 3,00,000/- | പൂരകപോഷകാഹാരം | 3,00,000/- | 0 |
| | | 2,50,000/- | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,50,000/- | 0 |
| | | 5,00,000/- | ഇടം അതിജീവനം | 5,00,000/- | 0 |
| | | 4,66,191/- | റോഡ് കോൺക്രീറ്റിംഗ് | 4,66,191/- | 0 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,87,00,000/- രൂപ വരവുണ്ട്. മുൻബാക്കി 98,000/-രൂപയടക്കം 1,96,80,000/- രൂപയിൽ 1,69,40,000/- വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്) 111/18/13.8.2018 | 1,87,00,000/- | 4,69,97,648/- | 41,85,648 | | 6,15,12,000/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2016-17 | 4.1.3 | അടിസ്ഥാന സൗകര്യ വികസനം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 3-2 | 2016-17 | 4.6.1 | ആസ്തി ആർജ്ജിക്കൽ | |
| 2014-15 | 2-2 | 2016-17 | 3.12 | പെർമിറ്റ് ഫീസ് | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 22,500/- | - | ശ്രീ. ഹാരിസ് മുഹമ്മദ് കോയ, സെക്രട്ടറി |
| 3-1 | - | 3,027/- | ശ്രീമതി ഷീല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-2 | - | 46,836/- | ശ്രീമതി ശശികല, ഹെഡ്മിസ്ട്രസ് |
| 3-3 | - | 1,08,900/- | ശ്രീ. ഹാരിസ് മുഹമ്മദ് കോയ, സെക്രട്ടറി |
| ആകെ | 22,500/- | 1,58,763/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 33,300/- | ശ്രീമതി ശശികല, ഹെഡ്മിസ്ട്രസ് |
| 1-21 | 9,76,240/- | ഡോ. ഷാജി റെഹ്മാൻ, വെറ്റിനറി സർജൻ |
| 1-22 | 10,00,000/- | ശ്രീ. ഹാരീസ് മുഹമ്മദ് കോയ, സെക്രട്ടറി |
| 1-24 | 23,608/- | ശ്രീ. ഹാരീസ് മുഹമ്മദ് കോയ, സെക്രട്ടറി |
| ആകെ | 20,33,148/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | |
|---|---|
| 1-7-1 | 10,21,720/-രൂപ |
| 1-7-2 | 1,20,600/-രൂപ |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശശികല, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, നെടുമ്പന | ഗായത്രി,നടുവിലക്കര, മുഖത്തല പി.ഒ, |
| ശ്രീ. ഹാരീസ് മുഹമ്മദ് കോയ, സെക്രട്ടറി | വിരമിച്ചു | പണ്ടകശാല, പ്രാക്കുളം പി.ഒ, കൊല്ലം |
| ഡോ. ഷാജി റെഹ്മാൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ നെടുമ്പനഗ്രാമ പഞ്ചായത്ത് | ദാറുൽ റഹ്മ,TKMC PO, കരിക്കോട്, കൊല്ലം |
| ശ്രീ യേശുദാസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ നെടുമ്പനഗ്രാമ പഞ്ചായത്ത് | കാട്ടു വിള വീട്, മതിലിൽ പി.ഒ, കൊല്ലം |
| ശ്രീമതി ഷീല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | സരയു, പറക്കുന്ന് പി.ഒ, നാവായിക്കുളം-695603 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2005-06 | കെ.എസ്സ്.എ.കെ.എൽ.എം.പി7/415/2018, Dated,26-2-18 |
| 2006-07 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(1)/2019, Dated, 12-6-19 |
| 2007-08 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(2)/2019, Dated, 12-6-19 |
| 2008-09 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(3)/2019, Dated, 12-6-19 |
| 2009-10 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(4)/2019, Dated, 12-6-19 |
| 2010-11-<br>2011-12 | കെ.എസ്സ്.എ.കെ.എൽ.എം.പി7/810(5)/2019, Dated, 12-6-19 |
| 2012-13-<br>2013-14 | എൽ.എഫ്.ക്യൂ.പി1/122222/14, Dated, 4.3.15 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി1/22222/14, Dated,4.3.15 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/17, Dated,22.1.18 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7/1838/18, Dated, 22.1.18 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7/1868/18, Dated, 26.02.18 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7/87/20, Dated, 16.03.20 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.7/1059/21, Dated, 06.06.22 |

ഡെപ്യൂട്ടി ഡയറക്ടർ ( ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ ( ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.